# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കഠിനംകുളം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ/റ്റി.വിഎം./ജിപി.14/1552/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 08/11/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കഠിനംകുളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കഠിനംകുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കഠിനംകുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/റ്റി.വിഎം./ജിപി.14/1552/2023 തീയ്യതി: 08/11/2023

# തിരുവനന്തപുരം ജില്ലയിലെ കഠിനംകുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ കഠിനംകുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 45 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീജ.കെ | ഡെപ്യൂട്ടി ഡയറക്ടർ (ഹയർ ഗ്രേഡ്) | 23-09-2023 | 04-10-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 23-09-2023 | 04-10-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ബിന്ദു.ഒ, ഓഡിറ്റ് ഓഫീസർ
ശ്രീമതി.ലേഖ എം.എൽ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.സജേഷ്.ആർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.സജു.ജി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി അജിത അനി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ രാജേഷ് ജെ | സെക്രട്ടറി | 01-04-2022 | 21-11-2022 |
| ശ്രീമതി ലതാകൃഷ്ണൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 21-11-2022 | 30-11-2022 |
| ശ്രീ രാജേഷ് ജെ | സെക്രട്ടറി | 01-12-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ലതാകൃഷ്ണൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീമതി പ്രീതി പ്രഭാകരൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 05-09-2022 |
| ശ്രീ.ഷിബു.എം.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 06-09-2022 | 31-03-2023 |
| ഡോ.ഗോഡ്ഫ്രി ലോപ്പസ് | മെഡിക്കൽ ഓഫീസർ, FHC | 01-04-2022 | 26-04-2022 |
| ഡോ.വിജയ ശേഖർ | മെഡിക്കൽ ഓഫീസർ, FHC | 26-04-2022 | 31-03-2023 |
| ഡോ.സിമി ദിവാൻ | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2022 | 13-06-2022 |
| ഡോ.രേഖ | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 13-06-2022 | 31-03-2023 |
| ശ്രീമതി ഷെറിൻ എസ് മസൂദ് | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ സ്മിത തോമസ് പി | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി അനിത ആർ | ഫിഷറീസ് ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി ഷീബ.ആർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 07-01-2023 |
| ശ്രീമതി.ശ്രീദേവി. ഐ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 07-01-2023 | 21-01-2023 |
| ശ്രീമതി.സിജി.എം.എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 21-01-2023 | 31-03-2023 |
| ശ്രീമതി.ഗീതുമോൾ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ.ഉണ്ണികൃഷ്ണൻ നായർ | ഹെഡ്മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീ അനൂപ് കുമാർ | വില്ലേജ് എക്സ്റ്റൻഷൻ | 01-04-2022 | 07-08-2022 |

| | | | |
|---|---|---|---|
| | ഓഫീസർ I | | |
| ശ്രീ.അജിഷ്കുമാർ പി.ജെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ I | 07-08-2022 | 31-03-2023 |
| ശ്രീമതി.ലീന ആന്റണി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ II | 01-04-2022 | 31-03-2023 |
| ശ്രീമതി.അൻസ എ.ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ III | 01-04-2022 | 05-09-2022 |
| ശ്രീമതി.ആതിര എൽ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ III | 06-09-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക അനുപാതങ്ങൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല. | 1-1-1 |
| 3 | ഡെപ്പോസിറ്റ് ചെയ്തിട്ടും ക്യാഷ് ആകാത്ത ചെക്കുകളുടെ വിവരങ്ങൾ ലഭ്യമായിട്ടില്ല. | 1-1-2 |
| 4 | സ്റ്റോക്ക് മൂല്യനിർണയം നടത്തിയിട്ടില്ല. | 1-1-3 |
| 5 | ഡെപ്പോസിററ് പ്രവൃത്തികൾ- അക്കൌണ്ടിംഗ് അപാകതകൾ | 1-1-4 |
| 6 | ലൈഫ് ഭവന പദ്ധതി വായ്പ- അക്കൌണ്ടിംഗ് അപാകതകൾ | 1-1-5 |
| 7 | രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല. | 1-1-6 |
| 8 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ - തുടർ നടപടി സ്വീകരിച്ചിട്ടില്ല | 1-1-7 |
| 9 | ക്യാഷ് ഫ്ളോ സ്റ്റേറ്റ്മെന്റ്-അപാകതകൾ | 1-1-8 |
| 10 | ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് - വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പടുത്തിയിട്ടില്ല. | 1-1-9 |
| 11 | സ്റ്റെയിൽ ചെക്ക്- അപാകതകൾ | 1-1-10 |
| 12 | സ്ഥിര നിക്ഷേപം- അപാകതകൾ | 1-1-11 |
| 13 | ബാലൻസ്ഷീറ്റ് ലയബിലിറ്റി - വിവരങ്ങൾ ലഭ്യമാക്കിയില്ല. | 1-1-12 |
| 14 | FD പലിശ – അപാകതകൾ | 1-1-13 |
| 15 | ബജറ്റ് | 1-2 |
| 16 | ബജറ്റ് - അവലോകനം | 1-2-1 |
| 17 | സാമ്പത്തിക നില | 1-3 |
| 18 | ഗ്രാന്റ് വിനിയോഗം | 1-4 |
| 19 | ഗ്രാന്റ് വിനിയോഗം -അപാകതകൾ | 1-4-1 |
| 20 | പദ്ധതി അവലോകനം | 1-5 |
| 21 | ക്ഷേമപദ്ധതികൾ | 1-6 |
| 22 | സാമൂഹ്യസുരക്ഷാ പെൻഷൻ- മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല | 1-6-1 |
| 23 | ക്യാഷ് പരിശോധന | 1-7 |
| 24 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 25 | തൊഴിലുറപ്പ് പദ്ധതി | 1-9 |
| 26 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം | 1-10 |
| 27 | വസ്തു നികുതി പരിഷ്കരണം -തുടർനടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. | 1-11 |

| | | |
|---|---|---|
| 28 | പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തി നികുതി ചോർച്ച ഒഴിവാക്കേണ്ടതാണ്. | 1-12 |
| 29 | തൊഴിൽ നികുതി - സമ്പൂർണ്ണ ഡേറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ് | 1-13 |
| 30 | വളർത്തു നായകൾക്ക് ലൈസൻസ് നൽകുന്നതിലുള്ള അപാകം | 1-14 |
| 31 | റേഷൻ കടകളിൽ നിന്ന് തൊഴിൽനികുതി ഈടാക്കിയിട്ടില്ല | 1-15 |
| 32 | വിനോദ സഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. | 1-16 |
| 33 | ഹോമിയോ ആശുപത്രിക്ക് മരുന്നുകൾ വാങ്ങൽ - മരുന്നുകൾ പൂർണമായും ലഭ്യമായില്ല | 1-17 |
| 34 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല | 1-18 |
| 35 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - അപാകങ്ങൾ | 1-19 |
| 36 | വിവാഹ ധനസഹായം | 1-20 |
| 37 | വിനിയോഗ രേഖകൾ ഹാജരാക്കിയിട്ടില്ല - 280740/-രൂപ തടസപ്പെടുത്തുന്നു | 1-21 |
| 38 | പാലിയേറ്റിവ് പരിചരണ പദ്ധതിയുമായി ബന്ധപ്പെട്ട് രേഖകൾ ഹാജരാക്കിയിട്ടില്ല | 1-22 |
| 39 | ജലസേചന പമ്പ് സെറ്റ് വിതരണം - സ്ഥല പരിശോധന റിപ്പോർട്ട്, മോണിറ്ററിംഗ് സമിതി റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയിട്ടില്ല | 1-23 |
| 40 | ഗുണഭോക്തൃവിഹിതം പഞ്ചായത്തിൽ അടവുവരുത്തുന്നതിൽ കാലതാമസം | 1-24 |
| 41 | അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതി- TDS കുറവ് ചെയ്തിട്ടില്ല. | 1-25 |
| 42 | അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതി - അപാകതകൾ | 1-26 |
| 43 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പദ്ധതി- അപാകതകൾ | 1-27 |
| 44 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ പ്രോജക്ടുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ . | 1-28 |
| 45 | ലൈഫ് ഭവന പദ്ധതി- ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-29 |
| 46 | സ്പിൽ ഓവർ ആയി ഉൾപ്പെടുത്തിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയരുടെ പ്രോജക്ടുകൾ തൻ വർഷം നടപ്പിലാക്കിയിട്ടില്ല. | 1-30 |
| 47 | എഫ്.ആർ.പി. -കട്ടമരം വിതരണം - കട്ടമരം പൂർണ്ണമായും വിതരണം ചെയ്തിട്ടില്ല | 1-31 |
| 48 | മറൈൻ വള്ളങ്ങളിലെ പഴയ കേടായ വല മാറ്റി പുതിയ വല വാങ്ങി നൽകൽ – ചെലവ് രേഖകളുടെ അഭാവത്തിൽ ചെലവ് തുക (12,00,000/-) തടസ്സം ചെയ്യുന്നു | 1-32 |

| | | |
|---|---|---|
| 49 | ഒന്നാംഘട്ടം സ്ഥാപിച്ച CCTV കാമറകൾക്ക് AMC– ചെലവ് രേഖകളുടെ അഭാവത്തിൽ ചെലവ് തുക ( 50,009) തടസ്സം ചെയ്യുന്നു. | 1-33 |
| 50 | കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ – സെന്റേജ് ചാർജ്ജ് അധികമായി അടവാക്കി | 1-34 |
| 51 | നിർവ്വഹണ ഏജൻസികളിൽ നിന്ന് പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭിക്കാനവശേഷിക്കുന്നു | 1-35 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 4 | വായ്പ-വായ്പാ തിരിച്ചടവ് വിവരങ്ങൾ | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകൾ | 4-7 |
| 8 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 22.07.2023 ലെ 1(1) നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 07.08.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കഠിനംകുളം ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കഠിനംകുളം ഗ്രാമ പഞ്ചായത്തിന്റെ 2022-2023 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 വാർഷിക അനുപാതങ്ങൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ വാർഷിക ധനകാര്യപത്രികയിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1) 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ , ചട്ടം 62-2 (എഫ് ) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

വാർഷിക അനുപാതങ്ങൾ llgms സോഫ്റ്റ്വെയറിൽ ലഭ്യമല്ലാത്തതിനാലാണ് ഉൾപ്പെടുത്താത്തതെന്ന് എൻക്വയറിക്ക് (നം 16/ 27.9.2023) മറുപടി നല്കി.

### 1-1-2 ഡെപ്പോസിറ്റ് ചെയ്തിട്ടും ക്യാഷ് ആകാത്ത ചെക്കുകളുടെ വിവരങ്ങൾ ലഭ്യമായിട്ടില്ല.

Indian Bank (അക്കൗണ്ട് നം.732966095) റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ "Cheque Deposited But Not Collected" ആയി 179243/-രൂപ രേഖപ്പെടുത്തിയിരിക്കുന്നു. ഇവയിൽ ഇതുവരെ ക്യാഷ് ആയ ചെക്കുകളുടെ വിവരവും ക്യാഷ് ആകാത്ത ചെക്കുകളെ സംബന്ധിച്ച വിവരവും ലഭ്യമാക്കിയിട്ടില്ല.

പ്രസ്തുത ചെക്കുകൾ 23-24 സാമ്പത്തിക വർഷം ക്യാഷ് ആയിട്ടുണ്ടെന്ന് ഇത് സംബന്ധിച്ച് നല്കിയ എൻക്വയറിക്ക് (നം.16/27.9.2023) മറുപടി നല്കിയെങ്കിലും ക്യാഷ് ആകാത്ത ചെക്കുകളെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

## 1-1-3 സ്റ്റോക്ക് മൂല്യനിർണയം നടത്തിയിട്ടില്ല.

2022-23 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തിയിട്ടുള്ളതായി കാണുന്നില്ല.

സോഫ്റ്റ് വെയറിൽ ക്രമീകരണം വന്നിട്ടില്ലാത്തതിനാലാണ് ഉൾപ്പടുത്താൻ സാധിക്കാത്തത് എന്ന് ഇത് സംബന്ധിച്ച് നല്കിയ എൻക്വയറിക്ക് (നം.16/ 27.9.2023) മറുപടി നല്കി.

## 1-1-4 ഡെപ്പോസിറ് പ്രവൃത്തികൾ- അക്കൌണ്ടിംഗ് അപാകതകൾ

ഡെപ്പോസിറ്റ് വർക്കിനത്തിൽ വിവിധ ഏജൻസികൾക്ക് നൽകിയ തുകയുടെ ധനകാര്യപത്രിക പ്രകാരമുള്ള വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| നിർവഹണ ഏജൻസി | മുന്നിരിപ്പ് മുൻവർഷ B18പ്രകാരം | തൻവർഷം ഡെപ്പോസിറ്റ് ചെയ്ത തുക | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത്/തിരികെ ലഭ്യമായത് | നീക്കിയിരിപ്പ് (B18 പ്രകാരം) |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 10336521 | 11102890 | 6091000 | 21439411* |
| കെ.എസ്.ഇ.ബി. | 9292992 | 0 | 0 | 9301782* |

* യഥാർത്ഥ നീക്കിയിരിപ്പ് 15348411/- ആണ്.

* യഥാർത്ഥ നീക്കിയിരിപ്പ് 9292992/- ആണ്.

ഡെപ്പോസിറ്റ് ചെയ്ത തുകയിൽ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചവ ഡെപ്പോസിറ്റ് ചെയ്ത തുകയിൽ നിന്നും കുറവ് ചെയ്യാത്തതിനാലാണ് വ്യത്യാസം ഉണ്ടായതെന്ന് അറിയിച്ചു. പ്രസ്തുത അപാകത പരിഹരിക്കുന്നതാണെന്ന് ഇത് സംബന്ധിച്ച് നല്കിയ എൻക്വയറിക്ക് (നം. 16/ 27.9.2023) മറുപടി നല്കി.

## 1-1-5 ലൈഫ് ഭവന പദ്ധതി വായ്പ- അക്കൌണ്ടിംഗ് അപാകതകൾ

ലൈഫ് ഭവന പദ്ധതി വായ്പയിൽ, 1-4-22 ൽ തിരിച്ചടയ്ക്കാൻ ബാക്കി ഉണ്ടായിരുന്ന തുക 52501853/- രൂപയാണ്. തൻവർഷം ലോൺവരവ് 3130000/- രൂപയും ലോൺ തിരിച്ചടവ് 7051288/- രൂപയുമാണ്. അപ്രകാരം കണക്കാക്കുമ്പോൾ 31.3.22 ലെ ലോൺ തിരിച്ചടവ് ബാലൻസ് 48580565/- രൂപയാണ്. എന്നാൽ വാർഷിക ധനകാര്യപത്രികയിൽ ബാലൻസ് 55631853/- രൂപ രേഖപ്പെടുത്തിയിരിക്കുന്നു.

ലോൺ തിരിച്ചടവ് ജേണൽ എൻട്രി വഴി രേഖപ്പെടുത്തിയപ്പോൾ ഹെഡ് മാറിപോയതിനാലാണ് ടി വ്യത്യാസം കാണുന്നതെന്ന് ഇത് സംബന്ധിച്ച് നല്കിയ എൻക്വയറിക്ക് (നം 16/ 27.9.2023) മറുപടി നല്കി.

## 1-1-6 രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല.

വായ്പാ രജിസ്റ്റർ, ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ , അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ ഹാജരാക്കിയിട്ടില്ല.

പ്രസ്തുത രജിസ്റ്ററുകൾ കാലികമാക്കി ഹാജരാക്കുന്നതാണെന്ന് ഇത് സംബന്ധിച്ച് നല്കിയ എൻക്വയറിക്ക് (നം.16/27.9.2023) മറുപടി നല്കി.

## 1-1-7 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ - തുടർ നടപടി സ്വീകരിച്ചിട്ടില്ല

B-7 ഷെഡ്യൂൾ പ്രകാരം ഡെപ്പോസിറ്റ് ഇനത്തിൽ 1363757/-രൂപ നിലനിൽക്കുന്നതാണ്. ടി ഡെപ്പോസിറ്റുകളിൽ കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടാൻ നടപടി സ്വീകരിച്ചിട്ടില്ല.

പഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുത്ത് കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതാണെന്ന് ഇത് സംബന്ധിച്ച് നല്കിയ എൻക്വയറിക്ക് (നം. 16/27.9.2023) മറുപടി നല്കി.

## 1-1-8 ക്യാഷ് ഫ്ളോ സ്റ്റേറ്റ്മെന്റ്-അപാകതകൾ

ക്യാഷ് ഫ്ളോ സ്റ്റേറ്റ്മെന്റിലെ Net Increase In Cash And Cash Equivalance ആയി രേഖപ്പെടുത്തിയ തുകയും ഇതേ

പത്രികയിലെ Net Cash Generated By Operating+ Investing+financing Activity (A+B+C) ആയി രേഖപ്പെടുത്തിയ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

സോഫ്റ്റ് വെയർ അപ്ഡേറ്റ് ആകുന്ന മുറയ്ക്ക് പ്രസ്തുത അപാകത പരിഹരിക്കുന്നതാണെന്ന് ഇത് സംബന്ധിച്ച് നല്കിയ എൻക്വയറിക്ക് (നം.16/ 27.9.2023) മറുപടി നല്കി.

## 1-1-9 ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് - വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പടുത്തിയിട്ടില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ ഹാജരാക്കിയ രേഖകൾ പ്രകാരം 3487015/- രൂപയുടെ പാർട്ട്ബിൽ 22-23 വർഷം നല്കിയിട്ടുണ്ട്. ഇതിൽ ആസ്തി നിർമ്മാണത്തിനായി ചെലവായ തുക R&P ഷെഡ്യൂളിൽ ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് ആയി തുക ഉൾപ്പെടുത്തി കാണുന്നില്ല.

ഇത് സംബന്ധിച്ച് നല്കിയ എൻക്വയറിക്ക് (നം.16/27.9.2023) മറുപടി നല്കിയിട്ടില്ല.

## 1-1-10 സ്റ്റെയിൽ ചെക്ക്- അപാകതകൾ

സ്ഥാപനം ഇഷ്യൂ ചെയ്ത ചെക്കുകളിൽ 3 മാസം കഴിഞ്ഞിട്ടും ക്യാഷ് ആകാത്ത ചെക്കുകൾ Liability In Respect Of Stale Cheque ൽ ഉൾപ്പെടുത്തിയിട്ടില്ല.

ഭരണസമിതി തീരുമാനം എടുത്ത് അടുത്ത വർഷം ഉൾപ്പെടുത്തുന്നതാണെന്ന് ഇത് സംബന്ധിച്ച് നല്കിയ എൻക്വയറിക്ക് (നം.16/27.9.2023) മറുപടി നല്കി.

## 1-1-11 സ്ഥിര നിക്ഷേപം- അപാകതകൾ

വാർഷിക ധനകാര്യപത്രിക B-12ഷെഡ്യൂളിൽ 25000000/- രൂപ സ്ഥിരനിക്ഷേപമായി കാണുന്നു.എന്നാൽ സ്ഥിരനിക്ഷേപം സംബന്ധിച്ച രേഖകളിൽ 27666995/- രൂപ സ്ഥിര നിക്ഷേപം കാണുന്നു.

FD പുതുക്കി നിക്ഷേപിച്ചപ്പോൾ പലിശ ഉൾപ്പെടെ നിക്ഷേപിച്ചതുകൊണ്ടാണ് വ്യത്യാസം വന്നതെന്ന് ഇത് സംബന്ധിച്ച് നല്കിയ എൻക്വയറിക്ക് (നം.16/ 27.9.2023) മറുപടി നല്കി.

## 1-1-12 ബാലൻസ്ഷീറ്റ് ലയബിലിറ്റി - വിവരങ്ങൾ ലഭ്യമാക്കിയില്ല.

2021-22 ബാലൻസ്ഷീറ്റ് B-9 ഷെഡ്യൂളിൽ 350300199 ഹെഡിൽ ഉൾപ്പെട്ടിട്ടുള്ള (Government And Other Dues Payable-others) 2574861/- രൂപ 22-23 ബാലൻസ്ഷീറ്റിലും കാണുന്നു. വിശദാംശം ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നല്കിയ എൻക്വയറിക്ക് (നം.16/27.9.2023) നല്കിയ മറുപടിയിൽ സൂചിപ്പിച്ചിട്ടുള്ള വിവരങ്ങൾ വ്യക്തമല്ല.

## 1-1-13 FD പലിശ – അപാകതകൾ

പഞ്ചായത്തിന്റെ സ്ഥിര നിക്ഷേപങ്ങൾക്ക് ചില നിശ്ചിത കാലാവധികളിൽ പലിശ നിരക്ക് വളരെ കുറവായി ലഭിച്ചതായി കാണുന്നു. വിശദാംശം ചുവടെ.

| ക്രമ നം | FD NO/ ബാങ്ക് | FD തുക | കാലാവധി | പലിശ നിരക്ക് / ലഭിച്ച പലിശ | ആകെ തുക | റിമാർക്ക്സ് |
|---|---|---|---|---|---|---|
| 1 | 7007378101 ഇന്ത്യൻ ബാങ്ക് | 5261388 | 2.4.22-3.4.23 | 5.10% 269558/- | 5530946 | 5530946/- (മെച്യൂർ ആയ) FD തുക പുതുക്കി കുറഞ്ഞ നിരക്കിൽ നിക്ഷേപിച്ചിരിക്കുന്നു. |
| | | 5530946 | 4.4.23-17.9.23 | 2.85% 72122/- | 5603068 | ഈ FD ക്ക് 5.10% നിരക്കിൽ 129060/- രൂപയാണ് ലഭിക്കേണ്ടത്. |

| | | | | | | |
|---|---|---|---|---|---|---|
| 2 | 7024563761 ഇന്ത്യൻ ബാങ്ക് | 10521307 | 4.6.22-5.6.23 | 5.10% 559448/- | 11080755 | 11080755/- (മെച്യൂർ ആയ) FD തുക പുതുക്കി കുറഞ്ഞ നിരക്കിൽ നിക്ഷേപിച്ചിരിക്കുന്നു. |
| | | 11080755 | 6.6.23-17.9.23 | 2.50% 78931/- | 11159686 | ഈ FD ക്ക് 5.10% നിരക്കിൽ161020/- രൂപയാണ് ലഭിക്കേണ്ടത്. |

ക്രമ നം.1 പ്രകാരമുള്ള നിക്ഷേപത്തിന് പലിശ നിരക്ക് കുറഞ്ഞത് കാരണം 56938/- (129060- 72122) രൂപയുടെ നഷ്ടവും ക്രമ നം 2 പ്രകാരമുള്ള നിക്ഷേപത്തിന് പലിശ നിരക്ക് കുറഞ്ഞത് കാരണം 82089/- (161020-78931) രൂപയുടെ നഷ്ടവും ഉണ്ടായിട്ടുണ്ട്. 18.09.2023 മുതൽ ഒരു വർഷത്തേക്ക് പ്രസ്തുത സ്ഥിരനിക്ഷേപങ്ങൾ 7.25% പലിശ നിരക്കിലാണ് നിക്ഷേപിച്ചിട്ടുള്ളത്.

പ്രസ്തുത വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15, 27.9.23) ബാങ്കുമായി ബന്ധപ്പെട്ട് പലിശ നിരക്ക് കുറയാനുള്ള കാരണംവും അതുവഴി പഞ്ചായത്തിനുണ്ടായ നഷ്ടം നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും, ബാങ്ക് നല്കുന്ന മറുപടിയുടെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചു.

പ്രസ്തുത വിഷയത്തിന്മേൽ സ്വീകരിച്ച തുടർനടപടിയുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-2 ബജറ്റ്

കഠിനംകുളം ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ബജറ്റ് 26.03.22 ൽ ഭരണസമിതിയുടെ 1-ാംനമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. തീരുമാനപ്രകാരം അംഗീകരിച്ച പ്രതീക്ഷിത വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 91938485 |
| വരവ് | 456676000 |
| ആകെ | 548614485 |
| ചെലവ് | 491045000 |
| നീക്കിയിരിപ്പ് | 57569485 |

വാർഷികപദ്ധതി ഭേദഗതികളുടേയും ഭാഗമായി വരവുചെലവുകണക്കുകളിൽ വന്ന മാറ്റത്തിനനുസൃതമായി ബജറ്റ് പുതുക്കി തയ്യാറാക്കുകയുണ്ടായി. പുതുക്കിയ ബജറ്റ് 25-3-23ൽ ഭരണസമിതിയുടെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 85287346 |
| വരവ് | 370046992 |
| ആകെ | 455334338 |
| ചെലവ് | 428231118 |
| നീക്കിയിരിപ്പ് | 27103220 |

1994 കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 215, തദ്ദേശസ്വയംഭരണവകുപ്പിന്റെ 2.12.16-ലെ ജി.ഒ.(ആർ.ടി)3291/16 /എൽ.എസ്.ജി.ഡി നമ്പർ ഉത്തരവ് എന്നിവ അനുസരിച്ചുള്ള നടപടിക്രമങ്ങളും പ്രവർത്തനഘട്ടങ്ങളും വാർഷികബജറ്റ് തയ്യാറാക്കിയിട്ടുള്ളതിൽ പാലിച്ചിട്ടുണ്ട്.

### 1-2-1 ബജറ്റ് - അവലോകനം

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 214(3) പ്രകാരം വരവുകളുടെ മതിപ്പ് സവിസ്താരവും, വാസ്തവികമുമായിരിക്കേണ്ടതാണ്. ബജറ്റ് പ്രകാരമുള്ള തനത് ഇനങ്ങളുടെ പ്രതീക്ഷിത വരവ് വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള പ്രതീക്ഷിത വരവിനേക്കാൾ വളരെ കൂടുതലായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് ഹെഡ്കോഡ് | ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് | വാർഷികധനകാര്യ പത്രിക പ്രകാരമുള്ള വരവ് |
|---|---|---|---|
| വസ്തു നികുതി | 1101001 | 12500000 | 9009183 |
| കെട്ടിടങ്ങളുടെ വാടക | 1301001 | 50000 | 110744 |
| ലൈസൻസ് ഫീസ് | 1401101 | 250000 | 256120 |
| പെർമിറ്റ് ഫീസ് | 1401201 | 900000 | 710773 |

വരവ് ചെലവ് തുകകളെ ശാസ്ത്രീയമായ രീതിയിൽ വിലയിരുത്തി ബജറ്റ് തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക നില

രസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 53585890 |
| വരവ് | 87783999 |
| ആകെ | 141369889 |
| ചെലവ് | 82867302 |
| നീക്കിയിരിപ്പ് | 58502587 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 39930922 | 39930922 | 41805262 | -1874340 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 10197590 | 10197590 | 10152010 | 45580 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 0 | 22864007 | 22864007 | 12803051 | 10060956 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 9421204 | 9421204 | 7568068 | 1853136 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 19274000 | 19274000 | 13709516 | 5564484 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 10274000 | 10274000 | 7725006 | 2548994 |
| CSS | 0 | 0 | 0 | 1831010 | -1831010 |
| Sss | 0 | 0 | 0 | 1100000 | -1100000 |

## 1-4-1 ഗ്രാന്റ് വിനിയോഗം -അപാകതകൾ

വിവിധ ഫണ്ട് ഇനത്തിൽ പഞ്ചായത്തിന് ലഭിച്ച ഗ്രാന്റ് വിവരങ്ങൾ, എ.സി.ആർ, വാർഷിക ധനകാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) വിവിധ ഫണ്ട് ചെലവ് ഇനത്തിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, എ.സി.ആർ, എ.എഫ്.എസ് എന്നിവയിൽ താഴെപ്പറയും പ്രകാരം വ്യത്യാസമുണ്ട്.

| ഫണ്ട് | ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, സുലേഖ ചെലവ് പത്രിക എന്നിവ പ്രകാരം | എ.സി.ആർ പ്രകാരം | എൻക്വയറി(10/25.9.23) യ്ക്ക് ലഭ്യമാക്കിയ വിശദീകരണം |
|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 41805262 | 33323184 | 8482078/-രൂപ GO പ്രോജക്ടിന് ചെലവഴിച്ചിട്ടുള്ളത് സാംഖ്യയിൽ ബിൽ ജനറേറ്റ് ചെയ്യാത്തതിനാൽ എ സി ആറിൽ രേഖപ്പെടുത്തൽ വന്നിട്ടില്ല. |
| വികസന ഫണ്ട് ( എസ്.സി.പി) | 10152010 | 9436600 | 815410/-രൂപ GO പ്രോജക്ടിന് ചെലവഴിച്ചിട്ടുള്ളത് സാംഖ്യയിൽ ബിൽ ജനറേറ്റ് ചെയ്യാത്തതിനാൽ എ സി ആറിൽ രേഖപ്പെടുത്തൽ വന്നിട്ടില്ല. |
| മെയിന്റനൻസ് ഫണ്ട് നോൺ റോഡ് | 7725006 | 7733886 | പാലിയേറ്റീവ് കെയർ പദ്ധതിയുടെ 4740, 4140 എന്നീ തുകകൾ ക്യൂ ബിൽ ആയതാണ് വ്യത്യാസത്തിന് കാരണം. |

2)ഗ്രാമപഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷം മേഖലാ അടിസ്ഥാനത്തിൽ പദ്ധതി മാർഗരേഖ പ്രകാരമുള്ള തുക വകയിരുത്തിയിട്ടുണ്ടെങ്കിലും ഭാഗികമായി മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. മേഖലാടിസ്ഥാനത്തിലുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| മേഖല | വിഭാഗം | അടങ്കൽ (മറ്റുള്ളവ ഒഴികെ) | ചെലവ് (മറ്റുള്ളവ ഒഴികെ) | ചെലവ് % | വിഹിതം പൂർണമായും ചെലവഴിക്കാത്തതിന്റെ കാരണം |
|---|---|---|---|---|---|
| ഉല്പാദനം | പൊതുവിഭാഗം | 23705420 | 9860198 | 41.59 | |
| | പട്ടിക ജാതി | - | - | - | |
| സേവനം | പൊതുവിഭാഗം | 119304042 | 67615037 | 56.67 | |
| | പട്ടിക ജാതി | 15089242 | 13628810 | 90.32 | |
| പശ്ചാത്തലം | പൊതുവിഭാഗം | 41471985 | 19701810 | 47.50 | |
| | പട്ടിക ജാതി | 1390000 | 1390000 | 100 | |

അലോട്ട്മെന്റ് വരുന്നതിലുള്ള കാലതാമസം, മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനുണ്ടായ ബുദ്ധിമുട്ട്, ചില പദ്ധതികളിൽ സി ആർ ഇസഡ് അനുമതി വൈകുന്നതു കാരണമുള്ള ബുദ്ധമുട്ട് ഇവയൊക്കെയാണ് ചെലവ് കുറയാനുള്ള കാരണം എന്ന് ഈ വിഷയം സംബന്ധിച്ച് നല്കിയ എൻക്വയറിക്ക് (എൻക്വയറി 10/25.9.23 )

മറുപടി നല്കി.

3) പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച Grants / Contributions തുകകൾ 2022-23 സാമ്പത്തിക വർഷം പൂർണ്ണമായും ചെലവഴിച്ചിട്ടില്ല. 2021-22 സാമ്പത്തിക വർഷം നീക്കിയിരിപ്പായി അവശേഷിച്ച അതേ തുക തന്നെയാണ് 2022-23 വാർഷികധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളിലും ഉൾപ്പെട്ടിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | ഇനം | B-4 ഷെഡ്യൂൾ പ്രകാരമുള്ള തുക |
|---|---|---|
| 320100125 | Integrated Child Development Dervice | 3387483 |
| 320200207 | Fund For Transferred Institutions- Ayurveda-capital | 300000 |
| 320200399 | Grants, Funds &Contributions For Specific Purposes-other Than Development Fund And State Sponsord Scheme Fu Nds | 125000 |

പ്രസ്തുത ഗ്രാന്റുകൾ ചെലവഴിച്ചിട്ടുണ്ടെന്നും ബി-4 ൽ രേഖപ്പെടുത്തിയിട്ടുള്ള തുകകൾ ലയബിലിറ്റി ഹെഡിൽ നിന്നും ഇൻകം ഹെഡിൽ മാറ്റാത്തതിനാലാണ് ബാലൻസ് നിലനില്ക്കുന്നതെന്നും നടപ്പ് സാമ്പത്തിക വർഷം തന്നെ ഈ തുകകൾ ഇൻകം ഹെഡിലേയ്ക്ക് മാറ്റുമെന്നും ഈ വിഷയം സംബന്ധിച്ച് നല്കിയ എൻക്വയറിക്ക് (എൻക്വയറി 10/25.9.23 ) മറുപടി നല്കി.

4)സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച 23.01.2017-ലെ സ.ഉ(അ)07/2017/ധന. പ്രകാരം, പദ്ധതി നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി ഓരോ വർഷവും മാർച്ച് 31-ന് സംയുക്ത പ്രോജക്ടുമായി ബന്ധപ്പെട്ട സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നല്കേണ്ട തുകകൾ കിഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്. കൂടാതെ, 03.07.2018-ലെ സ.ഉ(അ)100/2018/ധന.,തീ. 24.01.2019-ലെ സ.ഉ(അ)7/2019/ധന. ഉത്തരവുകൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ഫണ്ട് കൈമാറുന്ന രീതിക്ക് പകരം 01.04.2019 മുതൽ അലോട്ട്മെന്റ് രീതി അവലംബിച്ചിട്ടുണ്ട്. 30.09.2021 ലെ ധനകാര്യ വകുപ്പിന്റെ 86/2021/ഫിൻ സർക്കുലർ പ്രകാരം സംയുക്ത പ്രോജക്ടുകൾക്കായി പുതിയ ട്രഷറി അക്കൗണ്ടുകൾ ആരംഭിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സർക്കുലർ പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ ഒരു സാമ്പത്തിക വർഷം വിനിയോഗിക്കാത്ത തുകകൾ സാമ്പത്തിക വർഷാവസാനം സർക്കാരിലേയ്ക്ക് തിരികെ ഒടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ, മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ചതിൽ ചെലവഴിക്കാത്ത തുകകൾ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച തുകകളിൽ തിരികെ ഒടുക്കിയിട്ടില്ലാത്ത തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കോഡ് | തദ്ദേശ സ്ഥാപനം | തുക |
|---|---|---|---|
| 1 | 320700204 | ബ്ലോക്ക് പഞ്ചായത്ത് | 811560 |

| | | | |
|---|---|---|---|
| 2 | 320700405 &<br>320700205 | ജില്ലാ പഞ്ചായത്ത് | 214550 |

സംയുക്ത പ്രോജക്ടുകളുടെ തുക ചെലവഴിച്ചിട്ടുണ്ടെന്നും ബി-4 ൽ രേഖപ്പെടുത്തിയിട്ടുള്ള തുകകൾ ലയബിലിറ്റി ഹെഡിൽ നിന്നും ഇൻകം ഹെഡിൽ മാറ്റാത്തതിനാലാണ് ബാലൻസ് നിലനില്ക്കുന്നതെന്നും സടപ്പു സാമ്പത്തിക വർഷം തന്നെ ഈ തുകകൾ ഇൻകം ഹെഡിലേയ്ക്ക് മാറ്റുമെന്നും ഈ വിഷയം സംബന്ധിച്ച് നല്കിയ എൻക്വയറിക്ക് (എൻക്വയറി 10/25.9.23 ) മറുപടി നല്കി.

5)സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 5.4.1.9 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് പത്തു ശതമാനം വനിതാഘടകപദ്ധതിയ്ക്ക് വകയിരുത്തേണ്ടതാണ്. മേൽ ഉത്തരവ് ഖണ്ഡിക 5.4.1.10 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ 5 ശതമാനം കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജന്റേഴ്സ് എന്നിവരുടെ ക്ഷേമത്തിനും വികസനത്തിനും വേണ്ടിയും കുറഞ്ഞത് 5 % തുക വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണത്തിനും വകയിരുത്തണം.പ്രസ്തുത വിഭാഗങ്ങൾക്ക് വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിച്ചതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| വിഭാഗം | അടങ്കൽ തുക (മറ്റുള്ളവ ഒഴികെ) | ചെലവഴിച്ച തുക (മറ്റുള്ളവ ഒഴികെ) | ചെലവ് ശതമാനം(%) |
|---|---|---|---|
| വനിത ഘടക പദ്ധതി | 5124300 | 799570 | 15.6 |
| കുട്ടികൾ | 2181580 | 1293454 | 59.77 |
| വൃദ്ധർ | 3062750 | 430000 | 14.03 |
| ഭിന്നശേഷിയുള്ളവർ | 357160 | 357160 | 100 |
| മറ്റ് ദുർബല വിഭാഗങ്ങൾ | 100000 | 0 | 0 |
| പാലിയേറ്റീവ് കെയർ രോഗികൾ | 1322580 | 1185476 | 89.63 |

തുടർന്നു വരുന്ന വർഷങ്ങളിൽ ഓരോ വിഭാഗങ്ങൾക്കും വകയിരുത്തിയിട്ടുള്ള തുകകൾ ചെലവഴിക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് ഈ വിഷയം സംബന്ധിച്ച് നല്കിയ എൻക്വയറിക്ക് ( എൻക്വയറി 10/25.9.23 ) മറുപടി നല്കി.

6) സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 6.7.4 പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് ഏറ്റെടുക്കുന്ന പ്രോജക്ടുകൾ മേൽ തട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം ഉൾപ്പെടെ സംയുക്ത പ്രോജക്ടുകളായി ഏറ്റെടുക്കേണ്ടതിന് ശ്രമിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. തൻവർഷം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് പഞ്ചായത്തിൽ നടപ്പാക്കിയ പദ്ധതികൾക്കൊന്നും തന്നെ ബ്ലോക്ക്- ജില്ലാ പഞ്ചായത്ത് വിഹിതം വകയിരുത്തിയിട്ടില്ല.

ILGMS -ൽ അപ്ഡേഷൻ വരുന്ന മുറയ്ക്ക് ഇത്തരത്തിൽ ഫണ്ട് വകയിരുത്തി ചെലവഴിക്കുന്നതാണെന്ന് ഈ വിഷയം സംബന്ധിച്ച് നല്കിയ എൻക്വയറിക്ക് (എൻക്വയറി 10/25.9.23 ) മറുപടി നല്കി.

സർക്കാർ മാർഗ്ഗ നിർദ്ദേശം പാലിച്ചുകൊണ്ട് വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കി പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ കൈവരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.


## 1-5 പദ്ധതി അവലോകനം

ഫണ്ട് വിനിയോഗം


2022-23 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിന് ബജറ്റ് വിഹിതമായി ലഭിച്ച തുക, ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

(എ)

| ഫണ്ട് | 2022-23-ൽ സംസ്ഥാന ബജറ്റ് അനുബന്ധം IV ന്റെ അടിസ്ഥാനത്തിൽ വിവിധ ഗവ. ഉത്തരവ് മുഖേന ലഭിക്കുന്ന തുക | 2022-23-ൽ ചെലവഴിച്ച തുക (സുലേഖ ചെലവ് പത്രിക പ്രകാരം) | ലാപ്സായ തുക |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതം | 48413000 | 41805262 | 6607738 |
| വികസനഫണ്ട് എസ്.സി.പി | 10913000 | 10152010 | 760990 |
| മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് | 10274000 | 7725006 | 2548994 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 19274000 | 13709516 | 5564484 |
| ആകെ | 88874000 | 73391794 | 15482206 |




ആകെ ലഭ്യമാകുന്ന തുക, ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ താരതമ്യം രേഖാ ചിത്രമായി ചേർക്കുന്നു.



(ബി) 2022-23 വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്കൽ, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (ഗുണഭോക്തൃ വിഹിതം ഒഴികെ) | ആകെ പദ്ധതി ചെലവ് (ഗുണഭോക്തൃ വിഹിതം ഒഴികെ) | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 9 | 7 | 2 | 1426815 | 1231198 | 86.29 |
| വെറ്റിനറി സർജൻ | 7 | 7 | 0 | 1092451 | 978649 | 89.58 |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി | 9 | 8 | 1 | 8742624 | 8219932 | 94.02 |
| മെഡിക്കൽ ഓഫീസർ- ആയുർവേദം | 4 | 4 | 0 | 2976956 | 2976956 | 100 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1 | 10 | 9 | 1 | 39120000 | 13985374 | 35.74 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-2 & 3 | 14 | 13 | 1 | 19337856 | 12598561 | 65.14 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 11 | 8 | 3 | 13920990 | 9873951 | 70.93 |
| സെക്രട്ടറി | 29 | 21 | 8 | 36108833 | 28178042 | 78.03 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 74 | 39 | 35 | 66905693 | 24490012 | 36.60 |
| ഹെഡ് മാസ്റ്റർ | | 1 | 1 | 1117400 | 866374 | 77.53 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 0 | 1447884 | 1051709 | 72.63 |

| | | | | | | |
|---|---|---|---|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | 9 | 6 | 3 | 2902352 | 2256557 | 77.75 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 8 | 7 | 1 | 6257010 | 5488540 | 87.72 |
| | 188 | 132 | 56 | | | |

(സി)ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)

| ഫണ്ട് | വകയിരുത്തിയ തുക | ചെലവ് തുക | ശതമാനം |
|---|---|---|---|
| പൊതുവിഭാഗം (ജനറൽ) | 52296339 | 41805262 | 79.94 |
| എസ്.സി.പി. | 11270705 | 10152010 | 90.07 |
| ധനകാര്യ കമ്മിഷൻ അവാർഡ് | 39899465 | 20371119 | 51.06 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 4740000 | 1831010 | 38.63 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 13100000 | 1100000 | 8.40 |
| തനത് ഫണ്ട് | 35621110 | 12156658 | 34.13 |
| മറ്റ് ബ്ലോക്ക്പഞ്ചായത്ത് | 2484500 | 1984500 | 79.88 |
| മറ്റ് ജില്ലാ പഞ്ചായത്ത് | 8110034 | 1200034 | 14.80 |
| മെയിന്റനൻസ്  റോഡ് | 21168167 | 13709516 | 64.76 |
| മെയിന്റനൻസ്  റോഡിതരം | 11965369 | 7725006 | 64.56 |
| മറ്റുള്ളവ | 34347450 | 4962985 | 14.45 |

| ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| 192 | 139 | 53 | 235308139 | 117158840 | 49.78 |

ആസൂത്രണ സമിതി

പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ [സ.ഉ.(കൈ)നമ്പർ 84/2022 തസ്വഭവ തീയതി 19.04.2022] ഖണ്ഡിക, 3.1.1അനുസരിച്ച്, ഭരണസമിതിയുടെ 13.12.21 -ലെ 2/1(J)നമ്പർ തീരുമാനപ്രകാരം ആസൂത്രണസമിതി പുന:സംഘടിപ്പിച്ചിട്ടുണ്ട്.

പുന:സംഘടിപ്പിച്ചതിന് ശേഷമുള്ള ആസൂത്രണ സമിതിയിലെ അംഗങ്ങളുടെ വിവരം തദ്ദേശഭരണ സ്ഥാപനത്തിന്റെയും

ഘടകസ്ഥാപനങ്ങളുടെയും നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ടെക്നിക്കൽ പ്രശ്നം കാരണം തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ 03/23.09.2023ന്റെ മറുപടി).

ആസൂത്രണ സമിതിയുടെ മിനിട്സ് പരിശോധിച്ചതിൽ, പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയുടെ 3.1.1 (ബി)2 മുതൽ 17 വരെ പ്രതിപാദിക്കുന്ന ആസൂത്രണ സമിതിയുടെ ചുമതലകൾ നിർവ്വഹിച്ചിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പ്

ഭരണസമിതി തീരുമാനം 1(1)/10.01.2022 പ്രകാരം, ഗ്രാമപഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പുകൾ പുനഃ സംഘടിപ്പിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകൾ തൻവർഷം 2 യോഗങ്ങൾ വീതമാണ് കൂടിയിട്ടുള്ളത്. ഭൂരിഭാഗം വർക്കിംഗ് ഗ്രൂപ്പുകളും വിവിധ പ്രോജക്ട് നിർദ്ദേശങ്ങൾ നൽകുകയാണ് ചെയ്തിട്ടുള്ളത്.

ഖണ്ഡിക 3.1.2(ബി) 13 പ്രകാരം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പ് മിനിട്സിൽ മോണിറ്ററിംഗിന്റെ വിവരങ്ങൾ മിനിട്സ് ചെയ്തിട്ടില്ല.

2022-23 സാമ്പത്തിക വർഷത്തെ വർക്കിംഗ് ഗ്രൂപ്പ് മിനിട്സ് പരിശോധിച്ചതിൽ വർക്കിംഗ് ഗ്രൂപ്പ് യോഗനിർദ്ദേശങ്ങൾക്കനുസൃതമായി പ്രോജക്ട് രൂപീകരിച്ചിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു. (ഓഡിറ്റ് എൻക്വയറി. നം.26/30.09.23)

| ക്രമ നം | വർക്കിംഗ് ഗ്രൂപ്പ് | തീയതി | നിർദ്ദേശം |
|---|---|---|---|
| 1 | വിദ്യാഭ്യാസം, കല,കായികം, യുവജനക്ഷേമം | 12.01.22<br>30.12.22 | സ്പോർട്സ് ക്ളബുകൾക്ക് കിറ്റ് വിതരണം<br>ഭിന്നശേഷിക്കാർക്ക് തൊഴിൽ ഉറപ്പാക്കുക |
| 2 | ദാരിദ്ര്യനിർമ്മാർജ്ജനം, ചെറുകിടവ്യവസായം | 30.12.22 | പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റ്<br>ടെക്നിക്കൽ വിദ്യാഭ്യാസം നേടിയവർക്ക് ടൂൾകിറ്റ് വിതരണം |

സ്റ്റാറ്റസ് റിപ്പോർട്ട്

വാർഷികപദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി, ഭരണ സമിതിയുടെ 01.07.2022-ലെ 1/1 നമ്പർ തീരുമാനപ്രകാരം അവസ്ഥാരേഖ പരിഷ്കരിച്ചിട്ടുണ്ട്.

സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള ഏതാനും പ്രശ്നങ്ങളും സ്വീകരിച്ച പരിഹാര നടപടികളും ചുവടെ ചേർക്കുന്നു.(ഓഡിറ്റ് എൻക്വയറി 26/30.09.23-ന് ലഭിച്ച മറുപടി അടിസ്ഥാനമാക്കി)

| ക്രമ നം | മേഖല | തീവ്രത | പ്രശ്നം | സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | മൃഗസംരക്ഷണം, ക്ഷീരവികസനം | ഗുരുതരം | മുട്ടയുടെ ദൗർലഭ്യം | പ്രോജക്ട് ഉൾപ്പെടുത്തയിരുന്നു വെങ്കിലും പക്ഷിപ്പനി കാരണം നടപ്പിൽ വരുത്തിയില്ല |
| 2 | പ്രാദേശിക സാമ്പത്തിക വികസനം | അതീവഗുരുതരം | പരിശീലനം ഇല്ലായ്മ | പദ്ധതി ഉൾപ്പെടുത്തിയിട്ടില്ല |
| 3 | പ്രാദേശിക സാമ്പത്തിക വികസനം | അതീവഗുരുതരം | വിപണനത്തിന് സ്ഥായിയായ മാർക്കറ്റ് ഇല്ല | മാർക്കറ്റ് നവീകരിക്കുന്നതിന് 23-24 വർഷം പ്രോജക്ട് ഉൾപ്പെടുത്തി |

| | | | | |
|---|---|---|---|---|
| 4 | ദാരിദ്ര്യ ലഘൂകരണം | അതീവഗുരുതരം | പട്ടയമില്ലാത്ത ഭൂമിയിൽ താമസിക്കുന്നവർ | ലൈഫ് പ്രോജക്ടിൽ ഉൾപ്പെടുത്തി |
| 5 | ദാരിദ്ര്യ ലഘൂകരണം | അതീവഗുരുതരം | വാസയോഗ്യമായ ഭവനമില്ലാത്തവർ | പ്രോജക്ട് രൂപീകരിച്ചിട്ടുണ്ട്. |
| 6 | സാമൂഹ്യനീതി | അതീവഗുരുതരം | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവരുടെ എണ്ണം കൂടുതൽ | പ്രത്യേക പദ്ധതി രൂപീകരിച്ചിട്ടില്ല |
| 7 | വനിതകളുടെയും കുട്ടികളുടെയും വികസനം | ഗുരുതരം | ലഹരി വസ്തുക്കളുടെ ഉപയോഗം | പഞ്ചായത്ത് തലത്തിൽ പോലീസ് എക്സൈസ് പ്രവർത്തനം ശക്തമാക്കി |
| 8 | വനിതകളുടെയും കുട്ടികളുടെയും വികസനം | അതീവഗുരുതരം | പൂരകപോഷകാഹാരം | അനുപൂരക പോഷകാഹാര പദ്ധതി |
| 9 | പട്ടികജാതി വികസനം | അതീവഗുരുതരം | സ്വയംതൊഴിൽ / വിദഗ്ദ്ധ തൊഴിൽ പരിശീലനം | പദ്ധതികളൊന്നും നിലവിലില്ല |
| 10 | പട്ടികജാതി വികസനം | ഗുരുതരം | ആരോഗ്യം (പോഷകാഹാരക്കുറവ്, പ്രതിരോധകുത്തിവയ്പ്പ്, മാലിന്യ നിർമ്മാർജ്ജനം) | കമ്മ്യൂണിറ്റി കംപോസ്റ്റ് പിറ്റ് നിർമ്മാണ പദ്ധതി സ്ഥലലഭ്യതയ്ക്കനുസൃതമായി നടപ്പിലാക്കുന്നതാണ്. മറ്റ് പ്രത്യേക പദ്ധതികൾ രൂപീകരിച്ചിട്ടില്ല. |
| 11 | ആരോഗ്യം | ഗുരുതരം | മാനസികരോഗികളുടെ ബാഹുല്യം | സാമൂഹിക പെൻഷൻ നൽകുന്നു |
| 12 | ആരോഗ്യം | ഗുരുതരം | പകർച്ചാവ്യാധികൾ, ജലജന്യ രോഗങ്ങൾ, ക്ഷയരോഗികളുടെ ബാഹുല്യം | പഞ്ചായത്ത് തലത്തിൽ പ്രത്യേക പദ്ധതികൾ രൂപീകരിച്ചിട്ടില്ല. |

തീരദേശമേഖല എന്ന നിലയിലും ജനങ്ങളുടെ സാമ്പത്തികമായി പിന്നാക്കാവസ്ഥ, പ്രത്യേക പരിഗണന ആവശ്യമുള്ള വിഭാഗങ്ങളുടെ ആധിക്യം എന്നിവ പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കേണ്ട പ്രോജക്ടുകളുടെ അനിവാര്യത വെളിവാക്കുന്നു. പഞ്ചായത്തിലെ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവരുടെ എണ്ണം കൂടുതൽ പഠനവിധേയമാക്കിയിട്ടുള്ളതായി ഐസിഡിഎസ് സൂപ്പർവൈസർ അറിയിച്ചിട്ടുണ്ട്. ആയതിന്മേൽ പഞ്ചായത്ത് തലത്തിൽ തുടർ നടപടി കൈക്കൊള്ളുകയും പ്രസ്തുത വിഭാഗത്തിന്റെയും പട്ടികജാതി വിഭാഗത്തിന്റെയും ഉന്നമനത്തിന് പ്രാമുഖ്യം നൽകി പദ്ധതികൾ രൂപീകരിക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പുകളും, ആസൂത്രണ സമിതിയും ശ്രദ്ധചെലുത്തേണ്ടതുമാണ്.

ഗ്രാമസഭ

പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 3.2.1(1) പ്രകാരം വികസന പരിപ്രേഷ്യവും കരട് പ്രോജക്ട് നിർദ്ദേശങ്ങളും തയ്യാറായാൽ ഗ്രാമസഭകൾ യോഗം ചേർന്ന് പ്രോജക്ട് നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിക്കണമെന്നുള്ളത് നിർബന്ധ വ്യവസ്ഥയാണ്. ഗ്രാമസഭ മിനിട്സ് പരിശോധിച്ചതിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ ചർച്ച ചെയ്തിട്ടുണ്ട്. കൂടാതെ, ഗുണഭോക്താക്കളുടെ മുൻഗണന നിശ്ചയിച്ച് രേഖപ്പെടുത്തൽ വരുത്തിയിട്ടുണ്ട്. (ഉദാ. വാർഡ് -3)

വായ്പ

2022-23 സാമ്പത്തിക വർഷം വായ്പാ സാധ്യതകൾ ആവശ്യമായ പദ്ധതികൾ ഉൾപ്പെടുത്തിയിരുന്നില്ല. (ഓഡിറ്റ് അന്വേഷണം നം.03/23.09.2023ന്റെ മറുപടി)

തൊഴിലുറപ്പ് പദ്ധതിയുടെ സംയോജനം

മാർഗ്ഗരേഖ 3.5.6.3 (എ) യുടെ അടിസ്ഥാനത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിച്ച്, തൻവർഷം പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല. (ഓഡിറ്റ് അന്വേഷണം നം.03/23.09.2023-നുള്ള മറുപടി)

കുടുംബശ്രീ

മാർഗ്ഗരേഖ 3.5.6.3 (ബി) യുടെ അടിസ്ഥാനത്തിൽ, ആശ്രയ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് പൊതിച്ചോറ് നൽകുന്ന പദ്ധതി, അതിദരിദ്ര ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് ഭക്ഷണ കിറ്റ് വിതരണം, ബാലസഭാ പ്രവത്തനങ്ങൾ എന്നിവ നടത്തിയിട്ടുണ്ട്. (ഓഡിറ്റ്

അന്വേഷണം നം.03/23.09.2023-നുള്ള മറുപടി)

നൂതന പ്രോജക്ടുകൾ

മാർഗ്ഗരേഖ 3.8.5 (1) ന്റെ അടിസ്ഥാനത്തിലുള്ള നൂതന പ്രോജക്ട് നിർവ്വഹിച്ചിട്ടില്ല. (ഓഡിറ്റ് അന്വേഷണം നം.03/23.09.2023-നുള്ള മറുപടി)

CSRഫണ്ട്

സാമൂഹ്യ പ്രതിബദ്ധത നിറവേറ്റുന്നതിന്റെ ഭാഗമായി വകയിരുത്തപ്പെടുന്ന Corporate Social Responsibility Fund (CSR Fund) ലഭ്യമായിട്ടില്ല. (ഓഡിറ്റ് അന്വേഷണം നം.03/23.09.2023-നുള്ള മറുപടി)

സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരമുള്ള പ്രശ്ന വിശകലനം,ഗ്രാമസഭ നിർദ്ദേശങ്ങൾ എന്നിവ അടിസ്ഥാനമാക്കി പ്രോജക്ടുകൾ രൂപീകരിക്കുന്നതിനും നിർവ്വഹണം നടത്തുന്നതിനും പദ്ധതി വിഹിതം പ്രയോജനപ്പെടുത്തുന്നതിനും പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്.

## 1-6 ക്ഷേമപദ്ധതികൾ

2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക |
|---|---|
| കർഷകതൊഴിലാളി പെൻഷൻ | 213,800 |
| വിധവാ പെൻഷൻ | 2,04,55,000 |
| വാർദ്ധക്യകാല പെൻഷൻ | 4,32,27,400 |
| വികലാംഗ പെൻഷൻ | 82,92,000 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 6,25,400 |

## 1-6-1 സാമൂഹ്യസുരക്ഷാ പെൻഷൻ- മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല

1)സർക്കുലർ നമ്പർ 63/2021/ധന തീയതി 02.08.2021 പ്രകാരം 2022 ഡിസംബർ മാസം സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കപ്പെട്ടതിൽ, പ്രാദേശിക സർക്കാരിലെ രേഖകൾ പ്രകാരം മരണം രജിസ്റ്റർ ചെയ്യപ്പെട്ടവരിൽ ആരും തന്നെ പെൻഷൻ കൈപ്പറ്റിയിട്ടില്ല എന്ന് വ്യക്തമാക്കിക്കൊണ്ടുള്ള ഒരു സർട്ടിഫിക്കറ്റ് എല്ലാ പ്രാദേശിക സർക്കാർ സെക്രട്ടറിമാരും 25.03.2023 നകം സർക്കാരിൽ ലഭ്യമാക്കേണ്ടതും സേവന പോർട്ടലിൽ അപ്‌ലോഡ് ചെയ്യേണ്ടതുമാണ് എന്ന നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത സർട്ടിഫിക്കറ്റ് സേവന പോർട്ടലിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ടെങ്കിൽ, ആയതിന്റെ വിശദാംശം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 14/26.09.2023 ന് ലഭ്യമാക്കിയ മറുപടിയിൽ പരാമർശിത സർട്ടിഫിക്കറ്റ് സേവന പോർട്ടലിൽ അപ്‌ലോഡ് ചെയ്യുവാനുള്ള നിർദ്ദേശം ലഭ്യമായിട്ടില്ല എന്നാണ് അറിയിച്ചിരിക്കുന്നത്.

സർക്കാർ ഉത്തരവുകൾ സമയബന്ധിതമായി നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

2)ഗ്രാമപഞ്ചായത്തിന്റെ ആക്ടീവ് പെൻഷൻ ലിസ്റ്റിൽ ഉൾപ്പെടുന്ന ചില ഗുണഭോക്താക്കളുടെ മസ്റ്ററിംഗ് പൂർത്തിയാക്കാത്തതിനാലും, മറ്റ് കാരണങ്ങളാലും പെൻഷൻ ബാങ്കുകൾ തടഞ്ഞ് വെയ്ക്കുന്നുണ്ട്. ഓരോ തവണയും പെൻഷൻ വിതരണം ചെയ്യുന്നതിന് സർക്കാർ തുക അനുവദിക്കുമ്പോഴും ഇവർക്കുള്ള തുക കൂടി ബാങ്കുകൾക്ക് കൈമാറുന്നുണ്ട്. . ഓരോ പെൻഷൻ വിതരണത്തിനു ശേഷവും സേവന പോർട്ടലിൽ പെൻഷൻ സെക്ഷൻ കൈകാര്യം ചെയ്യുന്ന ക്ലാർക്കിന്റെ ലോഗിനിൽ ലഭ്യമാകുന്ന Bill Discrepancy Report പരിശോധിച്ചതിൽ മസ്റ്ററിംഗ് പൂർത്തിയാക്കാത്തതിനാലും പുനർവിവാഹിതയല്ല എന്ന സാക്ഷ്യപത്രം ഹാജരാക്കാത്തതിനാലും, ഒന്നിൽ കൂടുതൽ പെൻഷൻ അനുവദനീയമല്ലാത്തതിനാലും പെൻഷൻ തടഞ്ഞുവച്ചതും എന്നാൽ ആക്ടീവ് പെൻഷൻ ലിസ്റ്റിൽ തുടരുന്നവരുമായി 450ൽപരം പേരുണ്ട്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| Sl No. | Pension Type | Pensioner ID | Pensioner Name | Ward No | Bill Remark |
|---|---|---|---|---|---|
| 1 | Indira Gandhi National Widow Pension Scheme | 102690600092 | Shamshoonathu Beevi | 4 | മസ്റ്ററിങ് പൂർത്തീകരിക്കുകയോ / ഹോം മസ്റ്ററിങ്ങിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. |
| 2 | Indira Gandhi National Widow Pension Scheme | 102690600187 | Preetha | 10 | പുനർവിവാഹിത അല്ല സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടില്ല . |
| 3 | Indira Gandhi National Widow Pension Scheme | 102690600542 | Krishnamma | 6 | സർക്കാർ ഉത്തരവ് പ്രകാരം 06/02/2017 ശേഷം ഒന്നിൽ കൂടുതൽ പെൻഷൻ അനുവദനീയമല്ല. |
| 4 | Indira Gandhi National Widow | 102290200354 | Omana Felix | 10 | സർക്കുലർ 12/2023/ധന പ്രകാരം തടഞ്ഞുവയ്ക്കുന്ന |

| | | | | | |
|---|---|---|---|---|---|
| | Pension Scheme | | | | |
| 5 | Indira Gandhi National Disability Pension Scheme | 102290200326 | Emelsara Pereira | 15 | മസ്റ്ററിങ് പൂർത്തീകരിച്ചിട്ടില്ല |
| 6 | Indira Gandhi National Disability Pension Scheme | 102290200279 | Abdul Latheef | 4 | മസ്റ്ററിങ് പൂർത്തീകരിച്ചിട്ടില്ല |
| 7 | Indira Gandhi National Old Age Pension Scheme | 102690201610 | Thaha M | 4 | സർക്കാർ ഉത്തരവ് പ്രകാരം 06/02/2017 ശേഷം ഒന്നിൽ കൂടുതൽ പെൻഷൻ അനുവദനീയമല്ല. |
| 8 | Indira Gandhi National Old Age Pension Scheme | 102690205541 | Nazeer M | 16 | സർക്കാർ ഉത്തരവ് പ്രകാരം 06/02/2017 ശേഷം ഒന്നിൽ കൂടുതൽ പെൻഷൻ അനുവദനീയമല്ല. |
| 9 | Indira Gandhi National Old Age Pension Scheme | 102690203357 | Babu Pereira | 22 | മസ്റ്ററിങ് പൂർത്തീകരിച്ചിട്ടില്ല |
| 10 | Pension For Unmarried Women Above 50 Years | 102690500005 | Mohanakumari | 3 | മസ്റ്ററിങ് പൂർത്തീകരിച്ചിട്ടില്ല |
| 11 | Pension For Unmarried Women Above 50 Years | 102690500086 | Kumari Sachu K P | 3 | പുനർവിവാഹിത അല്ല സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടില്ല . |

മരണപ്പെട്ടവരെയും, നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരെയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽനിന്നും സമയബന്ധിതമായി ഒഴിവാക്കുന്നതിന് പ്രാദേശിക സർക്കാർ സെക്രട്ടറിമാർക്ക് ഉത്തരവാദിത്തമുണ്ട്. ഓരോ പെൻഷൻ വിതരണത്തിനു ശേഷവും സേവന പോർട്ടലിൽ പെൻഷൻ സെക്ഷൻ കൈകാര്യം ചെയ്യുന്ന ക്ലാർക്കിന്റെ ലോഗിനിൽ ലഭ്യമാകുന്ന Bill Discrepancy Report പരിശോധിച്ച് ഇത്തരക്കാരെ ഒഴിവാക്കേണ്ടതായിരുന്നു. അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു. പരിഹാര നടപടികൾ സ്വീകരിക്കേണ്ടതും

തുടർനടപടികൾ സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കേണ്ടതുമാണ്.

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.09.2023, 3PMന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5,19,842/-രൂപ (അഞ്ചു ലക്ഷത്തി പത്തൊൻപതിനായിരത്തി എണ്ണൂറ്റി നാൽപ്പത്തി രണ്ട് രൂപ) ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി ചുവടെ ചേർക്കുന്ന വിഷയങ്ങളിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

1) പുതുതായി ആർജിക്കുന്ന ആസ്തികൾ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

2) ഗ്രാമ പഞ്ചായത്തിൽ എഴുതി സൂക്ഷിക്കുന്ന വിവിധ രജിസ്റ്ററുകളുടെയും മിനിട്സ് ബുക്കുകളുടെയും പരിപാലനത്തിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്. പെൺമക്കളുടെ വിവാഹധനസഹായം രേഖപ്പെടുത്തുന്ന രജിസ്റ്റർ ആവശ്യമായ രേഖപ്പെടുത്തൽ വരുത്തി കാലികമാക്കി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

3) വാങ്ങലുകൾ,സ്റ്റോക്ക് പരിപാലനം എന്നിവയിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.
4) വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പിലാക്കിയ പദ്ധതികളുടെ മോണിറ്ററിംഗ് യഥാസമയം പദ്ധതി മാർഗ്ഗരേഖയിൽ അനുശാസിക്കുന്ന പ്രകാരം നിർവ്വഹിക്കേണ്ടതാണ്.

5) വിവിധ നിക്ഷേപ പ്രവൃത്തികളുടെ പൂർത്തീകരണ പത്രിക സമയബന്ധിതമായി ലഭ്യമാക്കേണ്ടതും ബാലൻസ് തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-9 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 10471 | 1608491 | 1618962 | 0 | 1618962 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 50998764 | 50998764 | 50998764 | 0 |
| ആകെ | 10471 | 52607255 | 52617726 | 50998764 | 1618962 |

## 1-10 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് | 05.05.2019 | 10/19 മുതൽ | 16.09.2019 |

| | | | |
|---|---|---|---|
| ഓഡിറ്റ് | | 03/19 വരെ | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29.09.16 മുതൽ 17.10.16 വരെ | 2011-12 മുതൽ 2015-16 വരെ | 18.11.2016 |

## 1-11 വസ്തു നികുതി പരിഷ്ക്കരണം -തുടർനടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

05/04/2023 ലെ സ.ഉ.(അച്ചടി)നം.25/2023/LSGD പ്രകാരം ഗ്രാമപഞ്ചായത്തിലെ ഉപയോഗക്രമത്തിനനുസരിച്ച് ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഒരു ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിന് ബാധകമായ വസ്തുനികുതിയുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികൾ പുതുക്കി നിശ്ചയിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവ് പ്രകാരം വസ്തുനികുതി നിരക്കുകൾ 01/04/2023 പ്രാബല്യത്തിൽ പുതുക്കി നിശ്ചയിക്കുന്നതിന് നിർദ്ദേശിച്ചു. 31/03/2023 വരെയുണ്ടായിരുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമങ്ങളെ വിവിധയിനങ്ങളിലായി വീണ്ടും വിഭജിച്ചാണ് ഉപയോഗക്രമ ഇനവും നികുതി സ്ലാബും നിശ്ചയിച്ചിട്ടുള്ളത്. വസ്തുനികുതി പരിഷ്കരണത്തിനുള്ള സർക്കാർ നിർദ്ദേശത്തിനനുസരിച്ച് 01.04.2023 മുതൽ ഗ്രാമപഞ്ചായത്തിൽ വസ്തുനികുതി നിർണ്ണയം നടത്തുന്ന കെട്ടിടങ്ങൾക്ക് അവയുടെ ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി ചുമത്തുന്നതിനുള്ള നിരക്കുകൾ 19.04.2023 ലെ 1(1) നമ്പർ തീരുമാനപ്രകാരം ഗ്രാമപഞ്ചായത്ത് തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കെട്ടിടങ്ങളുടെയും ഉപവിഭാഗങ്ങളുടെയും വിവരണത്തിന് അനുസൃതമായി ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്ക് കരട് വിജ്ഞാപനം ചെയ്തു. തുടർന്ന് 10.08.2023 ൽ ചേർന്ന ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 2(1) നമ്പർ തീരുമാനപ്രകാരം നികുതി നിരക്കുകൾ അന്തിമമായി നിശ്ചയിച്ചിട്ടുണ്ട്. സഞ്ചയയിൽ നികുതി പരിഷ്കരണ നടപടികൾ പൂർത്തിയായിട്ടില്ലാത്തതിനാൽ നിലവിൽ 2023-24 വർഷത്തെ നികുതി പഴയ നിരക്കിലാണ് ഈടാക്കി വരുന്നത്. പുതിയ നികുതി നിരക്കുകൾ ഉൾപ്പെടുത്തുന്നതിന് സഞ്ചയ സോഫ്റ്റ്‌വെയർ അപ്ഡേഷൻ വരുന്ന മുറയ്ക്ക് ഡിമാന്റ് പരിഷ്കരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

നിലവിലെ നികുതി നിരക്കും പുതുക്കിയ നിരക്കും തമ്മിലുള്ള വ്യത്യാസം സംബന്ധിച്ച് ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഉപയോഗക്രമം | നിലവിലെ നിരക്ക് | പുതുക്കിയത് |
|---|---|---|
| പാർപ്പിടാവശ്യം | 5 | 7 |
| ഇതര വ്യവസായ ആവശ്യത്തിനുള്ളവ | 50 | 60 |
| സ്വകാര്യ ഹോസ്റ്റൽ | 60 | 65 |
| മൊബൈൽ ടവർ | 500 | 600 |

അന്തിമ വിജ്ഞാപനത്തിലെ നികുതി നിരക്കുകൾ നികുതി ഡേറ്റാബേസിൽ ഉൾപ്പെടുത്തി 2023-24 വർഷത്തെ ഡിമാന്റ് ജനറേറ്റ് ചെയ്യേണ്ടതാണ്. നികുതി നിരക്ക് പുതുക്കുമ്പോൾ പുതുതായി ഉൾപ്പെടുത്തിയ ഉപയോഗക്രമങ്ങൾക്ക് അനുസരിച്ച് കെട്ടിടങ്ങളെ വേർതിരിച്ച് ഡേറ്റാബേസിൽ ഉൾപ്പെടുത്താൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഉദാഹണമായി പാർപ്പിടാവശ്യം, വ്യവസായ ആവശ്യം തുടങ്ങിയ കാറ്റഗറികളിൽ നിശ്ചയിച്ച പിരിവുകളായി വരുന്ന ഉപയോഗക്രമങ്ങൾ എല്ലാം ആയത് ബാധകമായ കെട്ടിടങ്ങളെത്തന്നെ ലിസ്റ്റ് ചെയ്യേണ്ടതാണ്. വസ്തുനികുതി പരിഷ്കരണത്തിന്റെ നടപടികളെല്ലാം പൂർത്തിയാക്കിയ ശേഷം നികുതി ഡേറ്റാബേസിൽ നിരക്കുകൾ ചേർത്തതിന്റെ റിപ്പോർട്ട്, 2023-24 വർഷത്തെ പുതുക്കിയ ഡിമാന്റ് ജനറേറ്റ് ചെയ്തത് എന്നിവ ലഭ്യമാക്കേണ്ടതാണ്. നിലവിൽ പഴയ നിരക്കിൽ നികുതി ഒടുക്കിയവരുടെ നികുതി പരിഷ്കരിക്കുമ്പോഴുണ്ടാകുന്ന വ്യത്യാസം അടവാക്കുന്നുണ്ടെന്നും ഉറപ്പുവരുത്തേണ്ടതാണ്.

## 1-12 പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തി നികുതി ചോർച്ച ഒഴിവാക്കേണ്ടതാണ്.

കേരള പഞ്ചായത്ത് രാജ് (കെട്ടിടനിർമ്മാണ) ചട്ടങ്ങൾ 2019, ചട്ടം 21-ൽ പോസ്റ്റ് ഒക്യൂപ്പൻസി ഓഡിറ്റ് നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. രണ്ട് നിലകൾ വരെയുള്ള വാസഗൃഹങ്ങൾ, 50ച.മീ. വരെയുള്ള വാണിജ്യ കെട്ടിടങ്ങൾ, ആരാധനാ കെട്ടിടങ്ങൾ, ഗ്രൂപ്പ് ജി1, ജി2, ഐ. ഒക്യൂപ്പൻസികൾ എന്നിവ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് ഒക്യൂപ്പൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യൂപ്പൻസി ഓഡിറ്റ് നടത്തേണ്ടതാണെന്നും ഒക്യൂപ്പൻസി സർട്ടിഫിക്കറ്റ് അനുവദിച്ച് രണ്ട് വർഷത്തിന് ശേഷം ഏത് സമയത്തും പോസ്റ്റ് ഒക്യൂപ്പൻസി ഓഡിറ്റ് നടത്തുവാൻ സാധിക്കുന്നതാണെന്നും പ്രസ്തുത ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പഞ്ചായത്തിൽ പോസ്റ്റ് ഒക്യൂപ്പൻസി ഓഡിറ്റുകൾ നടത്തിയതിന്റെയും അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി നിയമനടപടികൾ സ്വീകരിച്ചതിന്റെയും വിശദാംശം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (6/25.09.2023) മറുപടിയായി അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും നിലവിൽ അനധികൃത നിർമാണങ്ങളെക്കുറിച്ച് ലഭിക്കുന്ന പരാതിയിൽമേൽ നോട്ടീസ് നൽകി പൊളിച്ചുമാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ച വരുന്നതായും മറുപടി ലഭ്യമായിട്ടുണ്ട്. വരും വർഷങ്ങളിൽ പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ്

നടത്തുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

## 1-13 തൊഴിൽ നികുതി - സമ്പൂർണ്ണ ഡേറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 പ്രകാരം പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് പഞ്ചായത്തിലോ അതിനു വെളിയിലോ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഉദ്യോഗം വഹിക്കുന്നതോ അഥവാ പഞ്ചായത്ത് പ്രദേശത്തിൽ താമസിക്കുകയും മുതൽമുടക്കുകളിൽ നിന്ന് എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നതുമായ ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്താവുന്നതാണ്. ഗ്രാമ പഞ്ചായത്തിൽ സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രൊഫഷണലുകൾ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ , സ്വകാര്യ സ്കൂൾ/ കോളേജ് ജീവനക്കാർ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡേറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. പ്രസ്തുത വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (09/23.09.2023) ന് മറുപടിയായി പഞ്ചായത്തിലെ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളുടെയും പട്ടിക തയ്യാറാക്കുകയും ആയതിൽ ഓരോ അർദ്ധവർഷങ്ങളിലും അനിവാര്യമായ ഒഴിവാക്കലുകളും കൂട്ടിച്ചേർക്കലുകളും വരുത്തി തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതായി അറിയിച്ചിട്ടുണ്ട്. വരും വർഷങ്ങളിൽ പരാമർശത്തിൽ ഉൾപ്പെട്ട വിഭാഗങ്ങളിലുള്ളവരെ കൂടി ഉൾപ്പെടുത്തി തൊഴിൽ നികുതി പട്ടിക വിപുലപ്പെടുത്തി നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഡിമാന്റ് ചെയ്യുന്ന തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതോടൊപ്പം തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ മുഴുവൻ വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-14 വളർത്തു നായകൾക്ക് ലൈസൻസ് നൽകുന്നതിലുള്ള അപാകം

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 254, കേരളാ കേരളാ പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 4 എന്നിവ പ്രകാരം പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന ലൈസൻസ് കൂടാതെ നായകളെ വളർത്തുവാൻ പാടില്ല.സ്റ്റാറ്റസ് റിപ്പോർട്ടിൽ ഗ്രാമ പഞ്ചായത്തു പരിധിയിൽ 1,651വളർത്തുനായകൾ ഉണ്ടെന്നും 35 വളർത്തു നായകൾക്ക് ലൈസൻസ് ഉള്ളതായും രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ ലൈസൻസ് രജിസ്റ്റർ പ്രകാരം 2022-23 സാമ്പത്തിക വർഷം വളർത്തുനായകൾക്ക് ലൈസൻസ് നൽകിയതിന്റെ വിവരം ലഭ്യമല്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നമ്പർ 35/03.10.2023) മറുപടി ലഭ്യമായിട്ടില്ല. പഞ്ചായത്ത് പരിധിയിലുള്ള എല്ലാ വളർത്തു നായ്ക്കൾക്കും ലൈസൻസ് നൽകേണ്ടതും തുടർ വർഷങ്ങളിൽ വെറ്റിനറി വിഭാഗവുമായി സംയോജിച്ച് നായകൾക്ക് വാക്സിനേഷൻ എടുക്കുന്ന വേളയിൽ ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതുമാണ്.
എല്ലാ വളർത്തു നായകൾക്കും ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 റേഷൻ കടകളിൽ നിന്ന് തൊഴിൽനികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ റേഷൻ കടകൾക്കും 2022-23 വർഷത്തേയ്ക്ക് 1996ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരമുള്ള ലൈസൻസ് അനുവദിച്ചുനൽകേണ്ടതും, റേഷൻ കടകളിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്ത് പഞ്ചായത്ത് പരിധിയിലെ റേഷൻകടകളുടെ എണ്ണം, അവയ്ക്ക് ലൈസൻസ് അനുവദിച്ചതിന്റെ വിശദാംശം, തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിവരം എന്നിവ ലഭ്യമാക്കുവാൻ നിർദ്ദേശിച്ച അന്വേഷണകുറിപ്പിന് (05/25.09.2023) ലഭ്യമാക്കിയ മറുപടിയിൽ എല്ലാ റേഷൻകടകൾക്കും തൊഴിൽ നികുതിയും സ്ഥാപന നികുതിയും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.2.2019ലെ (സി.എസ്) എ9-764/2019-ാം നം .കത്തിൽ റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ് , തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്ന് ഒഴിവാക്കാൻ കഴിയില്ലായെന്ന് അറിയിച്ചിട്ടുള്ളതിനാൽ റേഷൻ കടകൾക്ക് ലൈസൻസ് നൽകുന്നതിനും തൊഴിൽ നികുതി,സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.
ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രസ്തുത വിവരം പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

## 1-16 വിനോദ സഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

ടൂറിസം വികസന സാധ്യതയുള്ള പ്രദേശം കണ്ടെത്തി പ്രാദേശിക സാമ്പത്തിക വികസനത്തിനായുള്ള ഡെസ്റ്റിനേഷൻ ചലഞ്ച്, ഉത്തരവാദിത്ത ടൂറിസം ഉൾപ്പെടെയുള്ള പദ്ധതികളുമായി സഹകരിച്ച് പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് സ.ഉ.(കൈ) നം. 84/2022/ ത.സ്വ.ഭ.വ തീ. 19-04-2022 പ്രകാരമുള്ള പതിനാലാം പഞ്ചവത്സര പദ്ധതി രൂപീകരണ മാർഗ്ഗരേഖയിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാന ടൂറിസം വകുപ്പുമായി ചേർന്നുള്ള ' ഡെസ്റ്റിനേഷൻ ചലഞ്ച്' പദ്ധതികൾ കൂടുതൽ ഊർജ്ജിതമായി നടപ്പിലാക്കുന്നതിനും കേരളത്തിലെ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും ഒരു ടൂറിസം കേന്ദ്രമെങ്കിലും വികസിപ്പിക്കാനുള്ള പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിനും നടപടി സ്വീകരിക്കുന്നതിന് സർക്കുലർ നം. ഡി.എ1/287/2022- തസ്വഭവ തീ. 17/04/2023 പ്രകാരം നിർദ്ദേശങ്ങൾ നൽകിയിട്ടുമുണ്ട്. ഇത് സംബന്ധിച്ച് പഞ്ചായത്ത് സ്വീകരിച്ച നടപടിയുടെ വിശദാംശം ലഭ്യമാക്കുവാൻ നിർദ്ദേശിച്ച അന്വേഷണകുറിപ്പിന് (05/25.09.2023) നൽകിയ മറുപടിയിൽ പഞ്ചായത്തിൽ ഡെസ്റ്റിനേഷൻചലഞ്ച് പദ്ധതി നടപ്പിലാക്കുന്നതിനുള്ള അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും ലഭ്യമാകുന്ന മുറയ്ക്ക് ടൂറിസം കേന്ദ്രമായി വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

## 1-17 ഹോമിയോ ആശുപത്രിക്ക് മരുന്നുകൾ വാങ്ങൽ - മരുന്നുകൾ പൂർണമായും ലഭ്യമായില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം |
| പ്രോജക്ട് നമ്പർ | S0020/23 |
| അടങ്കൽ | 3,00,000/-<br>(മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ചെലവ് | 3,00,000/- |
| ബിൽ നം | 128/29.11.2022 |

2022-23 സാമ്പത്തിക വർഷത്തിൽ ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങുന്നതിന് ബിൽ നം - 128/29-11-2022പ്രകാരം 3,00,000/- രൂപ ചിലവാക്കിയതിൽ 64,308/- രൂപയുടെ മരുന്നുകളാണ് ലഭ്യമായിട്ടുള്ളത്. അവശേഷിക്കുന്ന 2,35,692/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാകുന്നതിനു സ്വീകരിച്ച നടപടികളുടെ വിശദാംശം ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പിന് (01/23.09.2023) ലഭ്യമാക്കിയ മറുപടിയിൽ അവശ്യ മരുന്നുകൾ ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

മരുന്നുകൾ പൂർണമായും ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കേണ്ടതാണ്.

## 1-18 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ നിശ്ചിത ദിവസം പ്രവൃത്തി ഏറ്റെടുത്തിട്ടുള്ള ഗ്രാമപഞ്ചായത്ത് പരിധിയിലെ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കഠിനംകുളം ഗ്രാമപഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷം മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കിയ കരാറുകാരുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കരാറുകാരന്റെ പേര് | മേൽവിലാസം |
|---|---|---|
| 1 | ശരത് രാജ്.ആർ.ബി | ശരണ്യ നിവാസ്, പുല്ലാട്ടുകരി, കഴക്കൂട്ടം |
| 2 | പ്രവീൺ.ഡി | ഉപേന്ദ്രവിലാസം, സ്റ്റേഷൻ കടവ്, കുളത്തൂർ |
| 3 | ടി.ഗോപകുമാർ | അശ്വതി, മേനംകുളം, കഴക്കൂട്ടം |
| 4 | അജി.പി | കിഴക്കേവിളാകത്ത് വീട്, മേനംകുളം, കഴക്കൂട്ടം |
| 5 | ഗോകുൽ.ജി.എസ് | കമുകറ വീട്, മേനംകുളം |
| 6 | പ്രദീപ്.എസ് | കൊച്ചുവടക്കതിൽ വീട്, വി.എസ്.എസ്.സി റോഡ്, കുളത്തൂർ |
| 7 | സജീവ്.വി | വി.പി മന്ദിരം, മംഗലപുരം |
| 8 | പവിത്രൻ.എൻ | വിളയിൽപുത്തൻവീട്, അമ്പലത്തിൻകര, കഴക്കൂട്ടം |

| | | |
|---|---|---|
| 9 | ഹാരി ഓസ്റ്റിൻ | ജീജ കോട്ടജ്, വെട്ടുറോഡ്, കണിയാപുരം |
| 10 | ദീപു.എസ് | മാധവ മന്ദിരം, കഴക്കൂട്ടം |
| 11 | ശ്യാംറാവു.യു | തിട്ടയിൽ വീട്, പെരുങ്കുഴി |
| 12 | മോഹനൻ നായർ.കെ | കൃഷ്ണവിലാസം, കല്ലുവിള , പോത്തൻകോട് |
| 13 | നജ്മുംഖാൻ.എ | വടക്കേ ബംഗ്ലാവ്, മണനാക്ക് |
| 14 | മോഹനൻ.ബി | സീന നിവാസ്, കല്ലൂമൂട് |
| 15 | എം.അഷറഫ് | കടവിളാകം, കണിയാപുരം |

കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (28/30.09.2023) മറുപടി ലഭ്യമായിട്ടില്ല കരാറുകാർക്ക് തൊഴിൽ നികുതി അടവാക്കുന്നതിനായി നോട്ടീസ് നൽകേണ്ടതും, തുടർന്നും അടവാക്കാത്ത പക്ഷം പലിശ സഹിതം തൊഴിൽ അടവാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

വരും വർഷങ്ങളിൽ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-19 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - അപാകങ്ങൾ

ഗ്രാമപഞ്ചായത്തിലെ 2022-2023 വർഷത്തെ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)വാണിജ്യാവശ്യത്തിനുള്ള മുഴുവൻ സ്ഥാപനങ്ങൾക്കും ലൈസൻസ് അനുവദിച്ചിട്ടില്ല

സഞ്ചയ സോഫ്റ്റ്‌വെയറിൽ ലഭ്യമായ വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടങ്ങളുടെ എണ്ണവും 2022-23 സാമ്പത്തിക വർഷത്തിൽ ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളുടെ എണ്ണവും തമ്മിൽ വലിയ വ്യത്യാസം കാണുന്നു. സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം വാണിജ്യ ആവശ്യത്തിനുള്ള1911 കെട്ടിടങ്ങൾ ഉണ്ട്. വിശദാംശംങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിടത്തിന്റെ ഉപയോഗക്രമം | കെട്ടിടങ്ങളുടെ എണ്ണം |
|---|---|---|
| 1 | 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 1704 |
| 2 | 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 44 |
| 3 | 200 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 2 |
| 4 | 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 3 |
| 5 | ബാങ്കുകൾ, പെട്ടിക്കടകൾ, കമ്പ്യൂട്ടർ സെന്റർ, ഫ്യുവൽ സ്റ്റേഷൻ | 57 |
| 6 | അസംബ്ലികെട്ടിടം,കൺവെൻഷൻ സെന്റർ,ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ് , സിനിമ തിയേറ്റർ | 38 |
| 7 | ഇതര വ്യവസായ ആവശ്യങ്ങൾക്കുള്ളവ | 63 |

ലൈസൻസ് രജിസ്റ്റർ പ്രകാരം 2022-23 സാമ്പത്തിക വർഷം 252 സ്ഥാപനങ്ങൾക്ക് മാത്രമാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്.

2)കല്യാണമണ്ഡപങ്ങൾ, ഹാളുകൾ, സ്വകാര്യ ആഡിറ്റോറിയങ്ങൾ എന്നിവയിൽ നിന്നും 2022-2023 സാമ്പത്തിക വർഷം ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല. 1996-ലെ കേരള പഞ്ചായത്ത്‌രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3, പട്ടിക-I, ക്രമ നമ്പർ 33 പ്രകാരം ഭക്ഷ്യവസ്തുക്കൾ കൈകാര്യം ചെയ്യുന്ന കല്യാണമണ്ഡപങ്ങൾക്ക് ലൈസൻസ് അനിവാര്യമാണ്. ഇത്തരത്തിൽ 2022-23 സാമ്പത്തിക വർഷം ലൈസൻസ് ഇല്ലാതെ പ്രവർത്തിച്ചിട്ടുണ്ട്. ഇത് തനതുവരുമാന നഷ്ടത്തിനു കാരണമായിട്ടുണ്ട്. സഞ്ചയയിൽ നിന്നും ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| Sl.No | Building ID | Door No | Owner Name | Owner Address |
|---|---|---|---|---|
| 1 | 50269010003245 | 2/10/ | SALLY SUNNY | G TRACKS CINEAMAS |
| 2 | 50269010025809 | 2/635/2 | JOHNYKUTTY | Manuel Cottage |
| 3 | 50269010021294 | 3/743/ | SASI | K S BHAVAN |
| 4 | 50269010021296 | 3/744/ | SASI | K S BHAVAN |
| 5 | 50269010021297 | 3/745/ | SASI | K S BHAVAN |
| 6 | 50269010021298 | 3/746/ | SASI | K S BHAVAN |
| 7 | 50269010021299 | 3/747/ | SASI | K S BHAVAN |
| 8 | 50269010021301 | 3/748/ | SASI | K S BHAVAN |
| 9 | 50269010021302 | 3/749/ | SASI | K S BHAVAN |
| 10 | 50269010001818 | 4/312/ | Imamudeen | Fathima Auditorium |
| 11 | 50269010023629 | 9/9/1 | P S Suresh/ Sunitha S Nair | Happy House |
| 12 | 50269010010747 | 9/217/ | K.VIJAYAN | VIJAYA BHAVAN |
| 13 | 50269010025303 | 10/21/4 | R Sureshkumar,Geetha.D | Chithira, Opposite To Mini Industrial Estate,Chithira,Opposite To Mini Industrial Estate |
| 14 | 50269010011580 | 10/1435/ | Leeja Franklin | Leeja Cottage |
| 15 | 50269010011582 | 10/1436/ | Leeja Franklin | Leeja Cottage |
| 16 | 50269010011581 | 10/1437/ | Leeja Franklin | Leeja Cottage |
| 17 | 50269010023502 | 10/1818/ | Joseph T A,Managing Director | Confident Proects India PVT LTD |
| 18 | 50269010025025 | 10/2010/ | Alexander Vadakkedam | Sanroyal Astoriya( Common Area) |
| 19 | 50269010014436 | 11/398/ | F.MUHAMMAD KUNJU | SADAM MANZIL |
| 20 | 50269010014438 | 11/400/ | F.MUHAMMAD KUNJU | SADAM MANZIL |
| 21 | 50269010014156 | 11/401/ | K.SHAKEELA BEEVI | SADAM MANZIL |
| 22 | 50269010014158 | 11/402/ | K.SHAKEELA BEEVI | SADAM MANZIL |
| 23 | 50269010014160 | 11/403/ | K.SHAKEELA BEEVI | SADAM MANZIL |
| 24 | 50269010014162 | 11/404/ | K.SHAKEELA BEEVI | SADAM MANZIL |
| 25 | 50269010014164 | 11/405/ | K.SHAKEELA BEEVI | SADAM MANZIL |
| 26 | 50269010014165 | 11/406/ | K.SHAKEELA BEEVI | SADAM MANZIL |
| 27 | 50269010014446 | 11/407/ | SHAKEELA BEEVI | SADAM MANZIL |
| 28 | 50269010014447 | 11/408/ | SHAKEELA BEEVI | SADAM MANZIL |
| 29 | 50269010014513 | 11/409/ | SHAKEELA BEEVI | SADAM MANZIL |
| 30 | 50269010021759 | 11/943/ | MANAGING DIRECTOR | CONFIDENT PHOENIX (P) LTD |
| 31 | 50269010024740 | 12/723/3 | Jain Lawrence/Abe Lorent | Jain Villa |
| 32 | 50269010024742 | 12/723/4 | Jain Lawrence/Abe Lorent | Jain Villa |
| 33 | 50269010024743 | 12/723/5 | Jain Lawrence/Abe Lorent | Jain Villa |

| | | | | |
|---|---|---|---|---|
| 34 | 50269010024744 | 12/723/6 | Jain Lawrence/Abe Lorent | Jain Villa |
| 35 | 50269010020857 | 14/402/ | REGHU. H | AYURNAVA HEALTH & LIFESYLE RESORTS Pvt .Ltd |
| 36 | 50269010020856 | 14/403/ | REGHU. H | AYURNAVA HEALTH & LIFESYLE RESORTS Pvt .Ltd |
| 37 | 50269010008871 | 17/62/ | ADMINISTRATOR | KOCHUKODUNGALOOR TEMPLE |
| 38 | 50269010002384 | 21/215/ | SALLY SUNNY | G TRACKS CINEAMAS |

മേൽ വിഷയം സംബന്ധിച്ച അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നം.36/03.10.2023) മറുപടി ലഭ്യമായിട്ടില്ല. ലൈസൻസ് നിയമങ്ങൾ കൃത്യമായി പാലിക്കുന്നതിനും വരുമാന സ്രോതസ്സുകൾ ഉറപ്പാക്കുന്നതിനുമായി ലൈസൻസ് ഫീസിന്റെ നിർണയവും ബന്ധപ്പെട്ട രേഖകളുടെ കൃത്യതയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

## 1-20 വിവാഹ ധനസഹായം

29.6.2022 ലെ ഭരണസമിതി യോഗത്തിലെ അജണ്ട.7 തീരുമാനം 5 പ്രകാരം ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചുവടെ പറയുന്നവരെ വിവാഹ ധനസഹായത്തിന് അർഹതയുള്ളവരായി ശിപാർശ ചെയ്തിരുന്നു.

1.സുധ.ഒ, വിളാകത്ത് വീട്, മേനംകുളം

2.സിന്ധു.വി, കാവിൽവീട് കഠിനംകുളം

3.ഹെലൻ,എസ്റ്റോബെർ ഹൗസ്, പുതുക്കുറിച്ചി

4.മേരി ഷേർലി, അനിത കോട്ടജ്, പുത്തൻതോപ്പ്

5.വെർജിൻ ഷീൻ, ഷീൻസ്, പുത്തൻതോപ്പ്

പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട എൻക്വയറിക്ക്(45/04.10.2023) മറുപടി ലഭ്യമായിട്ടില്ല. എൻക്വയറിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

2022-23 സാമ്പത്തിക വർഷം വിവാഹ ധനസഹായത്തിനായി ലഭിച്ച അപേക്ഷയുടെ വിശദാംശം രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. രജിസ്റ്റർ കാലികമാക്കി പരിപാലിക്കേണ്ടതാണ്. ധനസഹായങ്ങൾ നല്കുമ്പോൾ അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള നടപടിക്രമങ്ങൾ കൃത്യമായി പാലിക്കുകയും രേഖകൾ ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്യുന്നു.

## 1-21 വിനിയോഗ രേഖകൾ ഹാജരാക്കിയിട്ടില്ല - 280740/-രൂപ തടസപ്പെടുത്തുന്നു

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണോദ്യോഗസ്ഥനായിട്ടുള്ള ചുവടെ പറയുന്ന പദ്ധതികളുടെ വിനിയോഗ രേഖകൾ ഹാജരാക്കിയിട്ടില്ല. വിനിയോഗ രേഖകൾ സമർപ്പിക്കാത്തതിന്റെ അഭാവത്തിൽ പദ്ധതിയുടെ ചെലവ് 280740/-രൂപ തടസ്സപ്പെടുത്തുന്നു. (അവലംബം ഓഡിറ്റ് എൻക്വയറി നം. 17/29.09.2023), സൂലേഖ പത്രിക പ്രകാരമുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.ഡയാലിസിസ് രോഗികൾക്ക് ധനസഹായം നൽകുന്ന പദ്ധതി (S0082/23)

| | |
|---|---|
| അടങ്കൽ | 140000 |
| ചെലവ് | 17549 (മെയിന്റനൻസ് നോൺ റോഡ് Ch.No.724098/Indian Bank |
| | 1,20,000/- (തനത് ഫണ്ട്) Vr.No.22201363/31.03.2023 |

2.ലാബിലേക്ക് ആവശ്യമായ സാധനങ്ങൾ വാങ്ങുന്നത് സംബന്ധിച്ച പദ്ധതി (S0178/23)

| | |
|---|---|
| അടങ്കൽ | 170000 (ഹെൽത്ത് ഗ്രാന്റ്) |
| ചെലവ് | 160740/- |

| ബിൽ നം./തീയതി | തുക |
|---|---|
| 108/15.11.2022 | 26,658/- |
| 148/14.12.2022 | 49,880/- |
| 344/11.03.2023 | 24,202/- |
| 453/30.03.2023 | 60,000/- |

## 1-22 പാലിയേറ്റീവ് പരിചരണ പദ്ധതിയുമായി ബന്ധപ്പെട്ട് രേഖകൾ ഹാജരാക്കിയിട്ടില്ല

| പദ്ധതിയുടെ പേര് | പാലിയേറ്റീവ് പരിചരണ പദ്ധതി |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, FHC |
| പ്രോജക്ട് നമ്പർ | S0017/23 |
| അടങ്കൽ | 13,22,580/-<br>(മെയിന്റനൻസ് ഫണ്ട് റോഡിതരം) |

| ചെലവ് | 11,85,476/- | |
|---|---|---|
| | ബിൽ നം. | തുക |
| | 10/25.05.2022 | 34,208 |
| | 18/13.06.2022 | 27,820 |
| | 31/06.07.2022 | 5,400 |
| | 32/06.07.2022 | 34,394 |
| | 42/10.08.2022 | 35,025 |
| | 56/01.09.2022 | 34,530 |
| | 60/13.09.2022 | 800,000 |
| | 66/13.09.2022 | 10,128 |
| | 83/11.10.2022 | 34,561 |
| | 99/5.11.2022 | 8,958 |
| | 103/5.11.2022 | 22,692 |
| | 109/15.11.2022 | 11,680 |
| | 149/15.12.2022 | 26,830 |
| | 248/06.02.2023 | 37,580 |
| | 249/06.02.2023 | 7,150 |
| | 345/11.03.2023 | 18,790 |
| | 346/11.03.2023 | 1,400 |
| | 417/28.03.2023 | 30,230 |
| | 429/28.03.2023 | 4,100 |

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായുള്ള `പാലിയേറ്റീവ് പരിചരണ പദ്ധതി" എന്ന പ്രോജക്ടുമായി ബന്ധപ്പെട്ട് 11,85,476/-രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ 11,03,766/- രൂപയുടെ രേഖകൾ മാത്രമാണ് പരിശോധനക്കായി സമർപ്പിച്ചിട്ടുള്ളത്. അവശേഷിക്കുന്ന തുകയായ 81,710/- രൂപയുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിനായി ലഭ്യമാക്കുവാൻ നിർദ്ദേശിച്ച അന്വേഷണക്കുറിപ്പിന് (23/29.09.2023) മറുപടി ലഭ്യമായിട്ടില്ല. കൂടാതെ

KL-01 CF 2778, KL-01 CQ 6545 എന്നി ആംബുലൻസിന്റെ ലോഗ്ബുക്ക് പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. ഓഡിറ്റിന്റെ പരിശോധനയ്ക്കാവശ്യമായ രേഖകൾ യഥാസമയം ലഭ്യമാക്കുന്നതിന് നിർവഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-23 ജലസേചന പമ്പ് സെറ്റ് വിതരണം - സ്ഥല പരിശോധന റിപ്പോർട്ട്, മോണിറ്ററിംഗ് സമിതി റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്റ്റ് | പ്രോജ.നം. S073/23 -ജലസേചന പമ്പ് സെറ്റ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| ഫണ്ടിനം | വികസന ഫണ്ട് |
| അടങ്കൽ | 373215 |
| ചെലവ് | 373215 |
| ഓഡിറ്റ് എൻക്വയറി | നം.12/26.09.23 |

കുറഞ്ഞത് 20 സെന്റ് സ്ഥലത്ത് കൃഷി ചെയ്യുന്ന കർഷകർക്ക് ജലസേചനത്തിന് പമ്പ്സെറ്റ് സ്ഥാപിക്കുന്നതിന് 50% സബ്സിഡി, അനുവദിക്കുന്നതിനായി രൂപീകരിച്ച പ്രോജക്റ്റ് നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പമ്പ് സെറ്റ് അംഗീകൃത വില്പനശാലയിൽ നിന്ന് വാങ്ങി ജലസ്രോതസ്സിൽ സ്ഥാപിക്കുന്നതിനനുസൃതമായി സബ്സിഡി അനുവദിക്കുന്നതിന് രൂപീകരിച്ച പ്രോജക്റ്റിൽ, കാർഷിക ആവശ്യത്തിനായി ഉപയോഗിക്കുന്നുവെന്നത് സ്ഥലപരിശോധന നടത്തി തയ്യാറാക്കിയ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.12/26.09.23-ന് ലഭ്യമാക്കിയ മറുപടിയിൽ മുൻ വർഷങ്ങളിൽ ഇപ്രകാരം സ്ഥലപരിശോധനറിപ്പോർട്ട് ഉൾക്കൊള്ളിക്കാതിരുന്നതിനാലാണ് രേഖപ്പെടുത്താതിരുന്നതെന്നും തുടർ വർഷങ്ങളിൽ സ്ഥലപരിശോധനറിപ്പോർട്ട് ഉൾക്കൊള്ളിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

2. ശ്രീമതി.ആനി ഡൊമനിക്, ലോട്ടസ് ഹൗസ്, മേനംകുളം എന്ന ഗുണഭോക്താവിന് പട്ടം, ARSA ഏജൻസീസിൽ നിന്ന് 24.12.2019-ലെ 0611നമ്പർ ഇൻവോയ്സ് പ്രകാരം വാങ്ങിയ Kirloskar പമ്പിന് 2022-23 സാമ്പത്തിക വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി 3650/- രൂപ ആനുകൂല്യം അനുവദിച്ചിരിക്കുന്നു. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.12/26.09.23-ന് ലഭ്യമാക്കിയ മറുപടിയിൽ കോവിഡ് കാലമായിരുന്നതിനാൽ യഥാസമയം അപേക്ഷ നൽകാൻ സാധിക്കാതിരുന്നതിനാൽ ആനുകൂല്യം അനുവദിച്ചതാണെന്ന് അറിയിച്ചിട്ടുണ്ട്. ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

3. കർഷകർ വാങ്ങിയ പമ്പ്സെറ്റ് സ്ഥാപിച്ചതിന്റെയും കൃഷിക്ക് ഉപയോഗപ്പെടുത്തുന്നതിന്റെയും വിശദാംശം പരിശോധിച്ച് പ്രോജക്റ്റ് പൂർത്തീകരണ റിപ്പോർട്ട്, മോണിറ്ററിംഗ് സമിതി റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയിട്ടില്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 12/26.09.23) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രോജക്റ്റ് പൂർത്തീകരണ റിപ്പോർട്ട്, മോണിറ്ററിംഗ് സമിതി റിപ്പോർട്ട് എന്നിവ പ്രോജക്റ്റ് പൂർത്തീകരണ സമയത്ത് തയ്യാർ ചെയ്യുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-24 ഗുണഭോക്തൃവിഹിതം പഞ്ചായത്തിൽ അടവുവരുത്തുന്നതിൽ കാലതാമസം

2022-23 സാമ്പത്തിക വർഷം കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ വിവിധ പ്രോജക്ടുകളുടെ ഗുണഭോക്തൃവിഹിതം ഈടാക്കിയതിന്റെ അടവ് വിവരങ്ങൾ പരിശോധിച്ചതിൽ, ഗുണഭോക്തൃ വിഹിതം ഇനത്തിൽ കർഷകരിൽ നിന്നും ഈടാക്കുന്ന തുക യഥാസമയം പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുവരുത്തുന്നില്ലായെന്ന് കണ്ടെത്തി. രസീത് ബുക്ക് നം.20630, 11642, 11643 എന്നിവ മുഖേന കളക്ട് ചെയ്ത ഗുണഭോക്തൃ വിഹിതത്തിലെ ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | തുക ഈടാക്കിയ തീയതി | തുക | ഒടുക്കിയ തീയതി |
|---|---|---|---|
| 1 | 05.12.22 മുതൽ 09.12.22 വരെ | 17,188 | 09.12.22 |
| 2 | 12.12.22 മുതൽ 16.12.22 വരെ | 17432 | 16.12.22 |
| 3 | 17.12.22 മുതൽ 23.12.22 വരെ | 14424 | 24.12.22 |
| 4 | 02.02.23 മുതൽ 10.02.23 വരെ | 23188 | 10.02.23 |

2. ഗുണഭോക്താക്തൃവിഹിതം കളക്ഷൻ വിശദാംശം രേഖപ്പെടുത്തുന്ന രജിസ്റ്ററിൽ, ഡയിലി കളക്ഷൻ തുകയുടെ ആകെ വിവരം(daily Collection Abstract) രേഖപ്പെടുത്തുന്നില്ല. പകരം തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കുന്ന തീയതിയിലെ ആകെ തുകയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.13/26.09.23-ന് പഞ്ചായത്തിൽ ഈ-ഓഫീസ് സംവിധാനം നിലവിൽ വന്നതിനാലുണ്ടായ സാങ്കേതിക തടസ്സംമൂലം സംഭവിച്ചതാണെന്നാണ് അറിയിച്ചിട്ടുള്ളത്. തുടർ വർഷങ്ങളിൽ കാലതാമസം ഉണ്ടാകുന്നില്ല എന്ന് ഉറപ്പാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. ഡെയിലി കളക്ഷൻ രജിസ്ററിൽ ദിവസാവസാനം ആകെ തുക രേഖപ്പെടുത്തി ക്ളോസ് ചെയ്യുന്നതിനും ഗുണഭോക്തൃവിഹിതം പ്രോജക്ട് അടിസ്ഥാനമാക്കി പ്രത്യേക കോളങ്ങളിൽ രേഖപ്പെടുത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-25 അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതി- TDS കുറവ് ചെയ്തിട്ടില്ല.

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതിയിൽ TDS കുറവ് ചെയ്തിട്ടില്ല. വിശദാംശം ചുവടെ.

| | |
|---|---|
| പദ്ധതിയുടെ നമ്പർ | S038/23 |
| പദ്ധതിയുടെ പേര് | പട്ടികജാതി ബിരുദ ബിരുദാനന്തര വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം |
| അടങ്കൽ തുക | 974300/- ( വികസന ഫണ്ട് എസ്.സി.പി) |
| ചെലവ് | 974300/- ( വികസന ഫണ്ട് എസ്.സി.പി) |
| ബിൽ നമ്പർ | 151/15.12.2022 ,തുക 7,30,300/-<br>288/17.2.23, തുക 2,44,000/- |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

ഗ്രാമ പഞ്ചായത്തിലെ 23 വാർഡുകളിലെ പട്ടിക ജാതി വിഭാഗത്തിൽ ഉൾപ്പെട്ട ബിരുദ ബിരുദാനന്തര വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം നടത്തുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. പദ്ധതി പ്രകാരം 20 വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം നടത്തിയിട്ടുണ്ട്. Antrycom Systems Pvt Ltd എന്ന സ്ഥാപനത്തിൽ നിന്നും 974300/- രൂപയ്ക്കാണ് 20 ലാപ്ടോപ്പ് വാങ്ങിയിട്ടുള്ളത്. 2017-ലെ സെൻട്രൽ ഗുഡ്സ് ആൻഡ് സർവ്വീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs-ന്റെ 13.09.2018-ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018-ലെ സർക്കുലർ നമ്പർ 65/39/2018-DOR എന്നിവ പ്രകാരം 2,50,000/- രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി, സ്രോതസ്സിൽ നിന്നും

കുറവ് ചെയ്ത് ഒടുക്കേണ്ടതുണ്ട്. എന്നാൽ Antrycom Systems Pvt Ltd എന്ന സ്ഥാപനത്തിന് തുക അനുവദിച്ചപ്പോൾ ജി.എസ്.ടി ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത് ഒടുക്കിയിട്ടില്ല. 19486/- രൂപ ടാക്സ് കുറവ് ചെയ്ത് 954814/-രൂപയാണ് സ്ഥാപനത്തിന് നല്കേണ്ടിയിരുന്നത്.

മേൽ വിഷയം സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി (നം.25/30.09.2023) ക്ക് TDS ഈടാക്കി അറിയിക്കുന്നതാണെന്ന് മറുപടി നൽകി. തുടർനടപടി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-26 അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതി - അപാകതകൾ

| | |
|---|---|
| പദ്ധതിയുടെ നമ്പർ | S032/23 |
| പദ്ധതിയുടെ പേര് | പട്ടികജാതി കുട്ടികൾക്ക് മേശയും കസേരയും വാങ്ങി നല്കൽ. |
| അടങ്കൽ തുക | 412300/- ( വികസന ഫണ്ട് എസ്.സി.പി) |
| ചെലവ് | 412300/- ( വികസന ഫണ്ട് എസ്.സി.പി) |
| ബിൽ നമ്പർ | 126/29.11.2022 ,തുക 206150/-<br>196/9.1.23, തുക 206150/- |
| നിർവഹണ ഉദ്യോഗസ്ഥ | അസിസ്റ്റന്റ് സെക്രട്ടറി |

ഗ്രാമ പഞ്ചായത്തിലെ 23 വാർഡുകകളിലെ പട്ടിക ജാതി വിഭാഗത്തിൽ ഉൾപ്പെട്ട സ്കൂൾ വിദ്യാർത്ഥികൾക്ക് മേശയും കസേരയും വാങ്ങി വിതരണം നടത്തുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്.പദ്ധതി പ്രകാരം 70 മേശ 4050/- രൂപ നിരക്കിലും 70 കസേര 1840/- രൂപ നിരക്കിലും പ്രീമിയർ എന്റർപ്രൈസസ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. പദ്ധതിക്കായി ആകെ 412300/- രൂപ ചെലവഴിച്ചിട്ടുണ്ട്.

പദ്ധതി നിർവഹണത്തിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു

1. 2017-ലെ സെൻട്രൽ ഗുഡ്സ് ആൻഡ് സർവ്വീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs-ന്റെ 13.09.2018-ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018-ലെ സർക്കുലർ നമ്പർ 65/39/2018-DOR എന്നിവ പ്രകാരം 2,50,000/- രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി, സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ഒടുക്കേണ്ടതുണ്ട്. എന്നാൽ പ്രീമിയർ എന്റർപ്രൈസസ് എന്ന സ്ഥാപനത്തിന് തുക അനുവദിച്ചപ്പോൾ ജി.എസ്.ടി ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത് ഒടുക്കിയിട്ടില്ല. 8246/- രൂപ ടാക്സ് കുറവ് ചെയ്ത് 404054 /-രൂപയാണ് സ്ഥാപനത്തിന് നല്കേണ്ടിയിരുന്നത്.

2. പ്രീമിയർ എന്റർപ്രൈസസ് മേശയും കസേരയും 30.10.22, 6.1.23 എന്നീ തീയതികളിൽ പഞ്ചായത്തിൽ എത്തിച്ചുവെങ്കിലും 67 കുട്ടികൾക്കാണ് ഇതുവരെ വിതരണം ചെയ്തിട്ടുള്ളത്. 3 മേശയും 3 കസേരയും നിതരണം ചെയ്യാതെ പഞ്ചായത്തിൽ അവശേഷിക്കുന്നു. ആവശ്യകതാ നിർണ്ണയം നടത്തിയതിൽ ഉണ്ടായ അപാകത കാരണം പഞ്ചായത്ത് ഫണ്ടിന് ഇത്തരത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്.

3. പദ്ധതിയുടെ മോണിട്ടറിംഗ് റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം.32/30.09.2023) ക്ക് മേശയും കസേരയും വാങ്ങാൻ കുട്ടികൾ വരാത്തതിനാലാണ് അവ വിതരണം ചെയ്യാൻ കഴിയാതെ പോയതെന്നും ഗുണഭോക്തൃ ലിസ്റ്റിലുള്ള അർഹരായ കുട്ടികൾക്ക് മേശയും കസേരയും ഉടൻതന്നെ വിതരണം നടത്തുന്നതാണെന്നും അറിയിച്ചു. അതോടൊപ്പം TDS കുറവ് ചെയ്യേണ്ട തുക ഈടാക്കി വിവരം അറിയിക്കുന്നതാണെന്നും അറിയിച്ചു.

ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച തുടർനടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്.

## 1-27 ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പദ്ധതി-അപാകതകൾ

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പദ്ധതിയിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

| | |
|---|---|
| പദ്ധതിയുടെ നമ്പർ- | S0 99/23 |
| പദ്ധതിയുടെ പേര് | ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് |
| അടങ്കൽ തുക | 300000/- ( വികസന ഫണ്ട് ) |
| ചെലവ് | 300000/- ( വികസന ഫണ്ട് ജനറൽ ) |

| | |
|---|---|
| ബിൽ നമ്പർ | 91/27.10.2022 ,തുക 131200/-<br>179/4.1.23, തുക 48000/-<br>368/16.3.23, തുക 120800/- |
| നിർവഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് എന്ന പദ്ധതിയ്ക്കായി 300000/- രൂപ ചെലവഴിച്ചിട്ടുണ്ട്. 27 ഗുണഭോക്താക്കൾക്കാണ് പദ്ധതി ആനുകൂല്യം നല്കിയത്. എന്നാൽ പ്രസ്തുത ഗുണഭോക്താക്കൾക്ക് അർഹതപ്പെട്ട പദ്ധതി ആനുകൂല്യം ഫണ്ടിന്റെ അപര്യാപ്തത കാരണം പൂർണ്ണമായും നല്കിയിട്ടില്ല. പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ സ ഉ (കൈ) നം115/2022/ ത സ്വ ഭ വ 28.5.22 , ഖണ്ഡിക 7.16 ( ഇ) പ്രകാരം ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന അവശരായ മുഴുവൻ കുട്ടികൾക്കും സ്കോളർഷിപ്പും ബത്തയും മുടക്കം കൂടാതെ അതത് മാസം നല്കുന്നതിന് ഗ്രാമ പഞ്ചായത്തുകൾ പദ്ധതികൾ ഏറ്റെടുക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതോടൊപ്പം ബ്ളോക്ക്/ ജില്ലാപഞ്ചായത്തുകൾ വിഹിതം വകയിരുത്തി ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറണം എന്നും ഇത് ICDS സൂപ്പർവൈസർ/ CDPO മോണിട്ടർ ചെയ്യണം എന്നും പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവരുടെ എണ്ണം വളരെ കൂടുതലുള്ള കഠിനംകുളം ഗ്രാമപഞ്ചായത്തിൽ 300000/- രൂപ മാത്രമാണ് പദ്ധതിയ്ക്കായി വകയിരുത്തിയത്. ഗുണഭോക്താക്കൾക്ക് നല്കേണ്ട ബാക്കി തുക 91900/- രൂപ 23-24 സാമ്പത്തിക വർഷം പദ്ധതി രൂപീകരിച്ചാണ് നല്കിയിട്ടുള്ളത്. താരതമ്യേന ഭിന്നശേഷിക്കാർ കൂടുതലുള്ള കഠിനംകുളം ഗ്രാമപഞ്ചായത്തിൽ ഭിന്നശേഷിക്കാർക്കായി മറ്റ് പദ്ധതികൾ ഒന്നും തന്നെ നടപ്പിലാക്കി കാണുന്നില്ല. 30.12.22 ൽ കൂടിയ സാമൂഹ്യക്ഷേമ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവരുടെ ക്ഷേമത്തിനായി വിവിധ പദ്ധതികൾ ആവിഷ്കരിക്കണമെന്ന് നിർദ്ദേശം ഉണ്ടെങ്കിലും അത്തരത്തിലുള്ള പദ്ധതികൾ ഒന്നും തന്നെ നടപ്പിലാക്കിയിട്ടില്ല.

മേൽ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 34 തീയതി 30.9.2023)ഫെബ്രുവരി മാസത്തിൽ പുതുതായി കുട്ടികൾ സ്കോളർഷിപ്പിന് വേണ്ടി അപേക്ഷിച്ച എന്നും പ്രോജക്ട് റിവിഷന്റെ സമയം കഴിഞ്ഞതിനാൽ കൂടുതൽ തുക വകയിരുത്തി റിവിഷൻ ചെയ്യാൻ കഴിയാതെ പോയതിനാലാണ് യഥാസമയം സ്കോളർഷിപ്പ് തുക നല്കാൻ കഴിയാതെ പോയതെന്ന് അറിയിച്ചു. 23-24 സാമ്പത്തിക വർഷം സ്പീച്ച് തെറാപ്പി ഉൾപ്പെടെയുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നതായും അറിയിച്ചു.

സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചും ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ ശാരീരിക മാനസിക വൈകല്യങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ പദ്ധതികൾ സമയബന്ധിതമായി ഏറ്റെടുത്ത് നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-28 വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ പ്രോജക്ടുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ .

1)

| | |
|---|---|
| പ്രോജക്ട് നം | 190/23 |
| പേര് | അതിദരിദ്രർക്കുള്ള മൈക്രോപ്ലാൻ വീട് പുനരുദ്ധാരണം |
| അടങ്കൽ | 600000/- |
| ചെലവ് | 350000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ സർക്കിൾ -2 |

സബ്സിഡി മാർഗ്ഗരേഖ പ്രകാരം പുതിയ കെട്ടിടം നിർമ്മിച്ച് 8 വർഷമെങ്കിലും കഴിഞ്ഞവർക്കാണ് വീട് പുനരുദ്ധാരണ ധനസഹായത്തിന് അർഹതയുള്ളത്. എന്നാൽ ചുവടെ ചേർക്കുന്നവർക്ക് ആനുകൂല്യം നൽകിയപ്പോൾ ഈ നിബന്ധന പാലിച്ചിട്ടില്ല.

| ക്രമ നം | പേര്,വിലാസം | തുക | പരാമർശം |
|---|---|---|---|

| | | | |
|---|---|---|---|
| 01 | തങ്കമ്മ,വയലിൽവീട്,പുതുക്കുറിച്ചി | 150000/- | കെട്ടിടത്തിന്റെ കാലപ്പഴക്ക സർട്ടിഫിക്കറ്റ് ഇല്ല. |
| 02 | സുരുചി,അജയ് നിവാസ്,താഴതിൽവീട്,പുതുകുറുച്ചി | 100000/- | കെട്ടിടത്തിന്റെ കാലപ്പഴക്ക സർട്ടിഫിക്കറ്റ് -6വർഷം |
| 03 | ശ്യാമള,മണക്കാവിളാകം,പുതുക്കുറുച്ചി | 100000/- | കെട്ടിടത്തിന്റെ കാലപ്പഴക്ക സർട്ടിഫിക്കറ്റ് -7വർഷം |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം 21/29.09.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

2)

| | |
|---|---|
| പ്രോജക്ക്ട് നം | 102/23 |
| പേര് | ഭവന പുനരുദ്ധാരണം ജനറൽ |
| അടങ്കൽ | 9200000/- |
| ചെലവ് | 8625374/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ സർക്കിൾ -2 |

1) സൈനുദീൻ ,തെറ്റിക്കുഴി, ചാന്നാൻങ്കര എന്ന അപേക്ഷയിലുള്ള ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് സലുബ്ദീൻ, തെറ്റിക്കുഴിവീട് എന്ന പേരിലാണ്. ഈ പേര് അപേക്ഷകന്റെ റേഷൻകാർഡിൽ ഇല്ല. ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിരിക്കുന്നതും, ബിൽ നം പ്രകാരം തുക നൽകിയിരിക്കുന്നതും സൈനുലാബ്ദീൻ, തെറ്റിക്കുഴിവീട്, ചാന്നാങ്കര എന്ന വ്യക്തിയാണ്.

2) ഉഷ മണക്കാട്ടിൽവീട്, പുതുക്കുറുച്ചി എന്ന അപേക്ഷയിലുള്ള ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് വസുമതി മണക്കാട്ടിൽവീട്, പുതുക്കുറിച്ചി എന്ന പേരിലാണ്, ഈ പേര് അപേക്ഷകയുടെ റേഷൻ കാർഡിൽ ഉൾപ്പെട്ടിട്ടില്ല.

3) ഷേർളി അതിർത്തിയിൽ പുരയിടം, മര്യനാട് എന്ന അപേക്ഷയിലുള്ള ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് അമൃത ശെൽവം, തെരുവിൽതൈവിളാകം, പുതുക്കുറിച്ചി എന്ന പേരിലാണ്, ഈ പേര് അപേക്ഷകയുടെ റേഷൻകാർഡിൽ ഇല്ല.

4)അനിൽകുമാർ കെ ,കരിഞ്ഞവയൽവീട്, ചിറ്റാറ്റുമുക്ക് എന്ന അപേക്ഷയിലുള്ള ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് സരസ്വതി എന്ന പേരിലും ഇവർ റേഷൻകാർഡിൽ അംഗവുമല്ല.

5) മുഹമ്മദ് റാസി റാസിമൻസിൽ, ചിറ്റാറ്റുമുക്ക് എന്ന അപേക്ഷയിൽ ബിൽഡിംഗ് ഏജ് സർട്ടിഫിക്കറ്റ് ഇല്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം 20/29.09.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

3)

| | |
|---|---|
| പ്രോജക്ക്ട് നം | 50/23 |
| പേര് | ലൈഫ് രണ്ടാം ഘട്ട ഭൂരഹിത ഭവനരഹിതർക്ക് ഭൂമി വാങ്ങാൻ ധനസഹായം ജനറൽ 2022-23 |
| അടങ്കൽ | 5000000/- |
| ചെലവ് | 800000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ സർക്കിൾ -2 |

പ്രസ്തുത പദ്ധതി പ്രകാരം ആനുകൂല്യം നൽകിയിട്ടുള്ള ബേബി തൈവിളാകം,പുതുക്കുറിച്ചി എന്ന അപേക്ഷയോടൊപ്പം ഈ വ്യക്തിക്കും,റേഷൻകാർഡിൽ പേരുള്ള മറ്റുള്ളവർക്കും ഭൂമിയില്ലായെന്നുള്ള വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം ഇല്ല. ഇതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം 22/29.09.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ സൂചിപ്പിച്ചിരിക്കുന്ന അപാകതകൾക്ക് തെളിവ് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-29 ലൈഫ് ഭവന പദ്ധതി- ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

ലൈഫ് ഭവന പദ്ധതിയുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ വീട് നിർമ്മാണം പൂർത്തിയാക്കാത്തവരുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | നിലവിൽ കൈപ്പറ്റിയ തുക | നിലവിലെ അവസ്ഥ | ആദ്യ ഗഡു കൈപ്പറ്റിയ തീയതി |
|---|---|---|---|
| സിമി ആന്റണി ,തെരുവിൽ തൈവിളാകം,മര്യനാട് | 40000/- | തുടങ്ങിയിട്ടില്ല | 05.11.2019 |
| ലിജി യേശുദാസ് ,അന്ന ഹൗസ്,ശാന്തിപുരം | 40000/- | തുടങ്ങിയിട്ടില്ല | 25.02.2019 |
| മോനിഷ ,പുതുവൽവീട്,കഠിനംകുളം | 200000/- | ലിന്റൽ | 26.08.2020 |
| ജലജ എസ് ,പുതുവൽപുത്തൻവീട്,കൽപന,മേനംകുളം | 140000/- | ലിന്റൽ | 15.01.2022 |

ഗുണഭോക്താക്കൾ ഒപ്പുവച്ച കരാർ പത്രികയിലെ വ്യവസ്ഥ 4 പ്രകാരം കരാറിൽ ഏർപ്പെട്ട് ആറ് മാസത്തിനകം ഭവനനിർമ്മാണം പൂർത്തിയാക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. തുക കൈപ്പറ്റിയതിനു ശേഷം 6 മാസം കഴിഞ്ഞിട്ടും ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം 38/03.10.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. നാളിതുവരെ പണി ആരംഭിക്കാത്തവർ/പൂർത്തീകരിക്കാത്തവരിൽനിന്നും തുക തിരികെ ഈടാക്കുന്നതിനായി നടപടി സ്വീകരിക്കേണ്ടതാണ്.

## 1-30 സ്പിൽ ഓവർ ആയി ഉൾപ്പെടുത്തിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയരുടെ പ്രോജക്ടുകൾ തൻ വർഷം നടപ്പിലാക്കിയിട്ടില്ല.

2022-23 സാമ്പത്തിക വർഷം സ്പിൽ ഓവർ പദ്ധതിയായി ഉൾപ്പെടുത്തിയ ചുവടെ ചേർത്തിരിക്കുന്ന മരാമത്ത് പ്രവർത്തികൾ തൻ വർഷം നടപ്പിലാക്കിയിട്ടില്ല.ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം 44/04.10.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | പേര് | നം |
|---|---|---|
| 01 | പുതുക്കുറിച്ചി-ചെമ്പിലിപ്പാട് തോട് മാലിന്യ നിർമ്മാർജ്ജനം(വാർഡ് 21)2021-22 | 56/23 |
| 02 | ചിറ്റാറ്റുമുക്ക് മാർക്കറ്റിൽ മാലിന്യ സംസ്കരണം 2021-22 | 63/23 |
| 03 | കഠിനംകുളം ഗ്രമപഞ്ചായത്ത് താമരകുളം പുനർജ്ജീവനം 2021-22 | 57/23 |
| 04 | കമ്മ്യൂണിറ്റി ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ 2021-22 | 30/23 |

ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കേണ്ടതാണ്. മാർഗനിർദ്ദേശങ്ങൾ പൂർണമായും പാലിച്ചുകൊണ്ട് ആവശ്യകത നിർണയിച്ച് പ്രോജക്ടുകൾ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-31 എഫ്.ആർ.പി. -കട്ടമരം വിതരണം - കട്ടമരം പൂർണ്ണമായും വിതരണം ചെയ്തിട്ടില്ല

| | | | |
|---|---|---|---|
| പ്രോജ.നം. | S0153/23 – എഫ്.ആർ.പി. -കട്ടമരം വിതരണം | | |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഫിഷറീസ് ഇൻസ്പെക്ടർ | | |
| | വികസന ഫണ്ട് | ഗുണഭോക്തൃ വിഹിതം (സ്ഥാപനത്തിൽ അടയ്ക്കുന്നത്) | ആകെ |
| അടങ്കൽ | 728000 | 250000 | 978000 |
| ചെലവ് | 549510 | 183165 | 732675 |
| ഓഡിറ്റ് എൻക്വയറി | | നമ്പർ 18/27.09.23 | |

തീരദേശ ഗ്രാമമായ കഠിനംകുളം ഗ്രാമപഞ്ചായത്തിലെ പരമ്പരാഗത മത്സ്യ തൊഴിലാളികൾക്ക് സ്വയം പര്യാപ്തരാവാൻ വികസന ഫണ്ട് വകയിരുത്തി കട്ടമരം വാങ്ങി നൽകുന്നതിനുള്ള പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. മേൽ പ്രോജക്ടിന്റെ ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം 119 ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടുണ്ട്. പ്രോജക്ട് രൂപീകരണ ഫോം 1 ഖ.22 പ്രകാരം 20 യൂണിറ്റ് നിർവ്വഹിക്കുന്നതിനാവശ്യമായ അടങ്കൽ തുകയാണ് (978000) ഉൾക്കൊള്ളിച്ചിട്ടുള്ളത് . ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നമ്പർ 18/27.09.23) വ്യക്തമായ മറുപടി ലഭ്യമാക്കിയിട്ടില്ല.

2. പ്രോജക്ട് വിശദാംശം പ്രകാരം ഗുണഭോക്തൃ വിഹിതം സ്ഥാപനത്തിൽ അടവാക്കേണ്ടതാണ്. ഇതിൻ പ്രകാരം 20 ഗുണഭോക്താക്കൾ 12,211/- രൂപ നിരക്കിലെ ഗുണഭോക്തൃ വിഹിതം സ്ഥാപനത്തിൽ അടവുരുത്തിയിട്ടുണ്ട്. ആകെ, 2,44,220/- രൂപ. ഗുണഭോക്തൃ വിഹിതം ഇനത്തിലെ ചെലവ് 183165/- രൂപയാണ്. തുക പൂർണ്ണമായും പ്രോജക്ടിനായി ചെലവ് ചെയ്യാതിരുന്നതിന് കാരണം. ബാക്കി തുകയുടെ ചെലവ് വിശദാംശം എന്നിവ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്(നമ്പർ 18/27.09.23) മറുപടിയായി 15 ഗുണഭോക്താക്കൾക്ക് മാത്രമെ കട്ടമരം നിർമ്മിച്ചു നൽകാൻ സാധിച്ചുള്ളുവെന്നും തുടർന്നുള്ള 5 ഗുണഭോക്താക്കളെ 2022-23 സാമ്പത്തിക വർഷം സ്പിൽ ഓവറായി പ്രോജക്ടിൽ ഉൾപ്പെടുത്തി ആനുകൂല്യം അനുവദിച്ചുവെന്ന മറുപടി അംഗീകരിക്കാവുന്നതല്ല. Tender Id-2022-DP-532666-1 നമ്പരായി ക്ഷണിച്ച ടെണ്ടറിലെ ഖ.7- ലെ വ്യവസ്ഥ പ്രകാരം ടെണ്ടർ അംഗീകരിച്ച് അറിയിപ്പ് ലഭിക്കുന്ന മുറയ്ക്ക് 200 രൂപ മുദ്ര പത്രത്തിൽ എഗ്രിമെന്റ് വച്ച് 20 ദിവസത്തിനകം കട്ടമരം സപ്ളൈ ചെയ്യണമെന്നാണ് വ്യവസ്ഥ. ഇതിൻ പ്രകാരം, ടെണ്ടർ ലഭിച്ച രമ്യ ബോട്ട് യാഡ് 10.01.23-ന് എഗ്രിമെന്റ് ഒപ്പുവച്ചിട്ടുണ്ട്. ഇതിൻ പ്രകാരം ജനുവരി മാസം തന്നെ കട്ടമരം സ്ഥാപനം ലഭ്യമാക്കേണ്ടതായിരുന്നു. സാമ്പത്തികമായി പിന്നാക്കാവസ്ഥയിലുള്ള മത്സ്യതൊഴിലാളികൾക്ക് യഥാസമയം ആനുകൂല്യം ലഭ്യമാക്കുന്നതിന് നിർവ്വഹണഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

3. സബ്സിഡി മാർഗ്ഗരേഖ പ്രകാരം, സ്വന്തമായി മത്സ്യബന്ധന യാനങ്ങൾ ഇല്ലാത്ത 8 വർഷത്തിനുള്ളിൽ ആനുകൂല്യം ലഭിച്ചിട്ടില്ലാത്ത മത്സ്യതൊഴിലാളികൾക്കാണ് പ്രോജക്ട് മുഖേന ആനുകൂല്യത്തിന് അർഹത. ഇത് സംബന്ധിച്ച പരിശോധന റിപ്പോർട്ട്/ ഗുണഭോക്താക്കളുടെ Affidavit എന്നിവ ഫയലിൽ ലഭ്യമല്ല. ഫീൽഡ് തല അന്വേഷണം നടത്തി, 8 വർഷത്തിനുള്ളിൽ ആനുകൂല്യം ലഭിച്ചിട്ടില്ലായെന്ന് ബോധ്യപ്പെട്ടിട്ടുള്ളതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഫീൽഡ് തല പരിശോധനനടത്തി തയ്യാറാക്കിയ റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

6. എഫ്.ആർ.പി. കട്ടമരത്തിന്റെ നിർമ്മാണം ഉദ്യോഗസ്ഥരും ഗുണഭോക്താക്കളും സംയുക്ത പരിശോധന നടത്തേണ്ടതാണ്. ഇതു സംബന്ധിച്ച പരിശോധന റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറിക്ക്(18/27.09.23) മറുപടിയായി നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രോജക്ട് പൂർത്തീകരിച്ചതു സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കിയത് അംഗീകരിക്കാവുന്നതല്ല. നിർമ്മാണ വേളയിൽ, ഗുണഭോക്താക്കളും ഉദ്യോഗസ്ഥരും സംയുക്ത പരിശോധന നടത്തി റിപ്പോർട്ട് തയ്യാർ ചെയ്യേണ്ടതാണ്.

തുടർ വർഷങ്ങളിൽ, പ്രോജക്ട് നിർവ്വഹണം അപാകതകൾ കൂടാതെ, സമയബന്ധിതമായി ചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-32 മറൈൻ വള്ളങ്ങളിലെ പഴയ കേടായ വല മാറ്റി പുതിയ വല വാങ്ങി നൽകൽ - ചെലവ് രേഖകളുടെ അഭാവത്തിൽ ചെലവ് തുക (12,00,000/-) തടസ്സം ചെയ്യുന്നു

| പ്രോജ.നം. S0156/23 - മറൈൻ വള്ളങ്ങളിലെ പഴയ കേടായ വല മാറ്റി പുതിയ വല വാങ്ങി നൽകൽ | | | | | |
|---|---|---|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ - ഫിഷറീസ് ഇൻസ്പെക്ടർ | | | | | |
| | വികസന ഫണ്ട് | | ഗുണഭോക്തൃ വിഹിതം (സ്ഥാപനത്തിൽ അടച്ചുന്നത്) | | ആകെ |
| അടങ്കൽ | 9,00,000 | | 3,00,000 | | 12,00,000 |
| ചെലവ് | 9,00,000 | | 3,00,000 | | 12,00,000 |
| | ബിൽ നം./തീയതി | തുക | ബിൽ നം. | തുക | ചെക്ക് നം./തീയതി |
| | 165/28.12.2022 | 225000 | 5949 | 75000 | 621763/13.01.2023 |
| | 207/13.01.2023 | 225000 | 345 | 75000 | 621779/19.1.23 |
| | 270/15.02.23 | 270000 | 1169 | 90000 | 704529/27.02.23 |
| | 357/15.03.2023 | 180000 | 1475 | 60000 | 724035/15.03.23 |
| | ഓഡിറ്റ് എൻക്വയറി | | നമ്പർ 19/29.09.23 | | |

തീരദേശ ഗ്രാമമായ കഠിനംകുളം ഗ്രാമപഞ്ചായത്തിലെ സ്വന്തമായി വള്ളം ഉള്ള പരമ്പരാഗത മത്സ്യ തൊഴിലാളികൾക്ക് സ്വയം പര്യാപ്തരാവാൻ വികസന ഫണ്ട് വകയിരുത്തി പഴയ കേടായ വല മാറ്റി പുതിയ വല വാങ്ങി നൽകുന്നതിനുള്ള പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. വല വാങ്ങിയതിന്റെ വിശദാംശം ഫയലിൽ ലഭ്യമല്ല. (ക്വട്ടേഷൻ, പർച്ചേസ് ഓർഡർ, പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്സ്, ബിൽ പകർപ്പുകൾ (MatsyaFed Fectory-ൽ നിന്നുള്ള 3,00,000/- രൂപയുടെ ഇൻവോയ്സ് മാത്രമാണ് ലഭ്യമായിട്ടുള്ളത്.)

2. MatsyaFed Net Factory-ടെ 27.12.22-ലെ MNFMRA/GST/00850 നമ്പർ ബിൽ പ്രകാരം 3,00,000 രൂപയുടെ ഇൻവോയ്സിൽ വ്യത്യസ്ത സ്പെസിഫിക്കേഷനിലുള്ള വല ഇനമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

3. സബ്സിഡി മാർഗ്ഗരേഖ ഖ.2.18 പ്രകാരം ഗുണഭോക്താക്കൾ നിർവ്വഹണ ഉദ്യോഗസ്ഥനുമായി എഗ്രിമെന്റിൽ ഏർപ്പെടേണ്ടതുണ്ട്. 3 ഗുണഭോക്താക്കളുടെ എഗ്രിമെന്റ് ഫയലിൽ ലഭ്യമല്ല (ശ്രീ. ജോബോയ് ലോപ്പസ്, ശ്രീ. ബാബു പത്രോസ്, ശ്രീ. സേവിയർ സ്റ്റീഫൻ)

4. സബ്സിഡി മാർഗ്ഗരേഖ പ്രകാരം, സ്വന്തമായി മത്സ്യബന്ധന യാനങ്ങൾ ഉള്ള 4 വർഷത്തിനുള്ളിൽ ആനുകൂല്യം ലഭിച്ചിട്ടില്ലാത്ത മത്സ്യതൊഴിലാളികൾക്കാണ് പ്രോജക്ട് മുഖേന ആനുകൂല്യത്തിന് അർഹത. ഇത് സംബന്ധിച്ച പരിശോധന റിപ്പോർട്ട്/ ഗുണഭോക്താക്കളുടെ Affidavit എന്നിവ ഫയലിൽ ലഭ്യമല്ല.

5. ഗുണഭോക്താക്കളുടെ വിശദാംശം രേഖപ്പെടുത്തിയിട്ടുള്ള രജിസ്റ്ററിൽ വല കൈപ്പറ്റിയതായുള്ള രേഖപ്പെടുത്തൽ, വിതരണം ചെയ്ത തീയതി എന്നിവ ഇല്ല.

മേൽ അപാകങ്ങളിന്മേൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 19/29.09.23-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

വല വാങ്ങിയതിന്റെയും വിതരണം ചെയ്തതും സാധൂകരിക്കുന്ന രേഖകളുടെ അഭാവത്തിൽ ചെലവ് തുക (12,00,000/-) തടസ്സം ചെയ്യുന്നു.

## 1-33 ഒന്നാംഘട്ടം സ്ഥാപിച്ച CCTV കാമറകൾക്ക് AMC- ചെലവ് രേഖകളുടെ അഭാവത്തിൽ ചെലവ് തുക ( 50,009) തടസ്സം ചെയ്യുന്നു.

| പ്രോജ.നം. 23/23, ഒന്നാംഘട്ടം സ്ഥാപിച്ച കാമറകൾക്ക് AMC | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ (തനത് ഫണ്ട്) | 3,00,000 |

| | |
|---|---|
| ചെലവ് | 50,009 |
| ബിൽ നം. | 2346 Dt.31.03.23 |
| ചെക്ക് നം. | 22201360 |
| ഓഡിറ്റ് എൻക്വയറി | നമ്പർ 42/04.10.23 |

2018-19, 2020-21 സാമ്പത്തിക വർഷത്തെ പ്രോജക്ടുകളിൽ ഉൾപ്പെടുത്തി മാലിന്യം നിക്ഷേപിക്കുന്നത് വീക്ഷിക്കുന്നതിനായി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി 78 CCTV ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്(രജിസ്റ്റർ പ്രകാരം). ഒന്നാംഘട്ടം സ്ഥാപിച്ച ക്യാമറകളുടെ വാറണ്ടി കാലം കഴിഞ്ഞതിനാൽ, ക്യമറകൾ തടസ്സമില്ലാതെ പ്രവർത്തിക്കുന്നതിനായി എ.എം.സി. വയ്ക്കുന്നതിനായി 2021-22 സാമ്പത്തികവർഷം 160/22 നമ്പർ പ്രോജക്ട് രൂപീകരിച്ച് നിള കമ്മ്യൂണിക്കേഷൻസിന് എ.എം.സി. അനുവദിച്ച് നൽകി (75,000/രൂപയ്ക്ക്) കരാർ ചമച്ചിട്ടുണ്ട്. (21.01.22). 2022-23 സാമ്പത്തിക വർഷം പ്രോജക്ട് സ്പിൽ ഓവറാക്കി 50,009/- രൂപ നിള കമ്മ്യൂണിക്കേഷൻസിന് അനുവദിച്ചിട്ടുണ്ട്. പ്രോജക്ടുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ചെലവ് അനുവദിച്ചതിന് ആധാരമായ ബിൽ അനുബന്ധരേഖകൾ ഫയലിൽ ലഭ്യമാക്കിയിട്ടില്ല.

2. കരാർ ഖ.6 പ്രകാരം, സ്ഥാപനം പഞ്ചായത്തുമായി ചേർന്ന് Joint Inspection നടത്തി തയ്യാറാക്കിയ Maintenance ആവശ്യമുള്ള ക്യാമറകളുടെ വിശദാംശം ഫയലിൽ ലഭ്യമാക്കിയിട്ടില്ല.

3. കരാർ ഖ.7 Periodic Inspection പ്രകാരം തയ്യാറാക്കിയ Maintenance Register, Inspection Report എന്നിവ ലഭ്യമാക്കിയിട്ടില്ല.

ചെലവ് സാധൂകരിക്കുന്ന രേഖകളുടെ അഭാവത്തിൽ, ചെലവ് തുക ( 50,009/- രൂപ) തടസ്സം ചെയ്യുന്നു

## 1-34 കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ – സെന്റേജ് ചാർജ്ജ് അധികമായി അടവാക്കി

| പ്രോജ.നം. 1/23, കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ(സി.എഫ്.സി.) | 63,14,100 |
| ചെലവ് | 61,45,600 |
| എസ്ററിമേറ്റ് (PAC) | 4758597.15 |
| സെന്റേജ് ചാർജ്ജ് (11.02 %) | 524397.41 |
| ഓഡിറ്റ് എൻക്വയറി | നമ്പർ 37 /03.10.23 |

| പ്രോജ.നം. 202/23 സമ്പൂർണ്ണ കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ |
|---|

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ(സി.എഫ്.സി.) | 50,00,000 |
| ചെലവ് | 49,57,290 |
| എസ്ററിമേറ്റ് (PAC) | 37,71,638.73 |
| സെന്റേജ് ചാർജ്ജ് (11.02%) | 415634.59 |
| ഓഡിറ്റ് എൻക്വയറി | നമ്പർ 37 /03.10.23 |

1. മേൽ പ്രോജക്ടുകൾക്കായി വാട്ടർ അതോറിറ്റി തയ്യാറാക്കി നൽകിയിട്ടുള്ള എസ്റ്റിമേറ്റ് പ്രകാരം, മേൽ വിവരിച്ച സെന്റേജ് ചാർജ്ജ് തുകകൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 16.04.2018-ലെ സ.ഉ(സാധാ)നം.1069/2018 /ത.സ്വ.ഭ.വ. പ്രകാരം എസ്റ്റിമേറ്റ് പ്ളാൻ എന്നിവ തയ്യാറാക്കുന്നതിനുള്ള 2.5% സെന്റേജ് ചാർജ്ജ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കാവുന്നതല്ല എന്ന് അറിയിച്ചിട്ടുണ്ട്. കൂടാതെ, പി.ഡബ്ള്യൂഡി മാന്വൽ പ്രകാരം പിഎസിയുടെ 10% സെന്റേജ് ചാർജ്ജാണ് വാട്ടർ അതോറിറ്റിക്ക് അടവാക്കേണ്ടതെന്നും സ്പഷ്ടീകരണം നൽകിയിട്ടുണ്ട്. മേൽ എസ്റ്റിമേറ്റുകൾ പ്രകാരം 11.02% സെന്റേജ് ചാർജ്ജായി അടവാക്കിയിയിട്ടുണ്ട്. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 37 /03.10.23-ന് ലഭ്യമാക്കിയ മറുപടിയിൽ അധികമായി അടവാക്കിയ സെന്റേജ് ചാർജ്ജ് തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

2. ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നമ്പർ 37 /03.10.23-ന് ലഭ്യമാക്കിയ മറുപടിയിൽ വാട്ടർ അതോറിറ്റിയുമായി വച്ചിട്ടുള്ള കരാർ ഒപ്പിട്ടു ലഭിക്കുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

മേൽ വിഷയങ്ങളിൽ തുടർ നടപടി സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-35 നിർവ്വഹണ ഏജൻസികളിൽ നിന്ന് പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭിക്കാനവശേഷിക്കുന്നു

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം നിർവ്വഹണ ഏജൻസികളിൽ നിന്ന് ലഭിക്കാനവശേഷിക്കുന്നു.

| ക്രമ നം | പ്രോജക്ട് | തുക | ഫണ്ടിനം, ബിൽ നം./ തീയതി | നിർവ്വഹണ ഏജൻസി |
|---|---|---|---|---|
| 1 | 77/23- ജില്ലാ ആസൂത്രണ സമിതി കെട്ടിട നിർമ്മാണം | 3,50,000 | വി.ഫ. | ജില്ലാ ആസൂത്രണ സമിതി |
| 2 | 13/23, എസ്എസ് കെ വിഹിതം | 2124930 | വിഫ., | എസ്എസ് കെ |
| 3 | 1/23, കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 61,45,600 | സി.എഫ്.സി. | വാട്ടർ അതോറിറ്റി |
| 4 | 12/23, IKM- ന് തുക അടവാക്കൽ | 1,54,483 | വി.ഫ. | ഐ.കെ.എം. |
| 5 | 202/23, സമ്പൂർണ്ണ കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 4957290 | സി.എഫ്.സി. | വാട്ടർഅതോറിറ്റി |
| 6 | 27/23, ചിറ്റാറ്റുമുക്ക് മാർക്കറ്റ്, എഫ്എച്ച്സി പുതുക്കുറിച്ചി എന്നിവിടങ്ങളിൽ പുതിയ പോസ്റ്റ് സ്ഥാപിച്ച് ഇലക്ട്രിക് കണക്ഷൻ | * 90314 | സി.എഫ്.സി. | കെ.എസ്.ഇ.ബി. |

| | | | | |
|---|---|---|---|---|
| | സ്ഥാപിക്കൽ- 2021-22 | | | |
| 7 | 171/23, പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 100715 | തനത് ഫണ്ട് | കെ.എസ്.ഇ.ബി. |

* സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് തുകയായ 109981 രൂപയിൽ 90314/- രൂപ ഇലക്ട്രിക് കണക്ഷന് കെ.എസ്.ഇ.ബി.ക്ക് ഡെപ്പോസിറ്റ് ചെയ്യുകയും ബാക്കി തുക ഇലക്ട്രിക് വർക്കിന് ഉപയോഗിക്കുകയും ചെയ്തു.

ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 39-ന് ലഭ്യമാക്കിയ മറുപടിയിൽ 2022-23 സാമ്പത്തിക വർഷം നടപ്പിലാക്കിയ സമ്പൂർണ്ണ കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പ്രോജക്ട് (പ്രോജ.നം.202/23) പ്രകാരം അടവാക്കിയ 49,57,290/- രൂപയിൽ, 29,99,140/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചതായും ബാക്കി 19,58,150/- രൂപ 11.09.23- ന് പഞ്ചായത്ത് ഫണ്ടിൽ തിരികെ ലഭിച്ചതായും അറിയിച്ചിട്ടുണ്ട്. തിരികെ ലഭിച്ച തുക സി.എഫ്.സി ഫണ്ടിനായി പരിപാലിക്കുന്ന അക്കൗണ്ടിൽ അടവ് വരുത്തി ക്രമപ്പെടുത്തേണ്ടതാണ്. മറ്റുള്ള പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല എന്ന വിവരവും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്ന മുറയ്ക്ക് പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | മുന്നിരിപ്പ് | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 214550 | 2022-23 | 120000 | 36 | ലൈഫ് ഭവന നിർമ്മാണം എസ്.സി ഡിപ്പാർട്ട്മെന്റ് ലിസ്റ്റ് 2022-23 | 120000 | 214550 |
| | | | 1054500 | 37 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ്-സ്നേഹസ്പർശം 2022-23 | 1054500 | |
| | | | 25534 | 106 | ക്ഷീരസമൃദ്ധി പാലിന് സബ്സിഡി 2022-23 | 25534 | |
| | | | 1200034 | | | 1200034 | |
| ബ്ലോക്ക് പഞ്ചായത്ത് | 811560 | 2022-23 | 1054500 | 37 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ്-സ്നേഹസ്പർശം | 1054500 | 811560 |

| | | | | |
|---|---|---|---|---|
| | | | 2022-23 | |
| | 130000 | 106 | ക്ഷീരസമൃദ്ധി പാലിന് സബ്സിഡി 2022-23 | 130000 |
| | 800000 | 34 | ന്യൂ ലൈഫ്-പുതുവൽ എസ് സി കോളനി നവീകരണം 2021-22 | 800000 |
| | 1984500 | | | 1984500 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| Sl. No. | നിർവഹണ ഏജൻസി | മുന്നിരിപ്പ് | 2022-23 വർഷത്തെ പ്രവൃത്തിയുടെ പേര് | 2022-23 വർഷം മുൻകൂർ നൽകിയതുക | 2022-23 വർഷം യു.സി ലഭിച്ചത്/സ്ഥാപനത്തിലേക്ക് റീഫണ്ട് ചെയ്ത തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 1. | KWA | 10336521 | സമ്പൂർണ്ണ കുടിവെള്ള വിതരണ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 4957290 | (21-22 വർഷത്തെ പദ്ധതിയ്ക്ക് 6091000 രൂപ ഡെപ്പോസിറ്റ്ചെയ്തതിൽ 3638051 രൂപയുടെ UC ലഭിച്ചു.ബാക്കി തുക 2452949 പഞ്ചായത്തിൽ തിരിച്ചടച്ചു. | 15348411(UC ലഭിച്ച തുക കുറവ് ചെയ്തിട്ടില്ല.അതിനാൽ B-18ഷെഡ്യൂളിൽ 21439411 രൂപ ബാക്കി നില്ക്കുന്നു. |
| | | | കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 6145600 | | |
| | ആകെ | 10336521 | | 11102890 | 6091000 | 15348411 |
| 2. | KSEB | 9292992 | - | - | - | 9301782 |
| | ആകെ | 9292992 | - | - | - | 9301782 |

KSEB യിൽ തൻവർഷം തുകയൊന്നും ഡെപ്പോസിറ്റ് ചെയ്തിട്ടില്ല. എന്നാൽ നീക്കിയിരിപ്പിൽ 8790/- രൂപയുടെ വ്യത്യാസം കാണുന്നു.വ്യത്യാസം വിശദമാക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ-വായ്പാ തിരിച്ചടവ് വിവരങ്ങൾ

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | തൻവർഷം ലഭ്യമായ വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | ബാലൻസ് |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| HUDCO-LIFE LOAN | | 3130,000 | 52501853 | 7051288 | - | 48580565 |

വായ്പാ തിരിച്ചടവ് 7051288/- രൂപ ജേണൽ ചെയ്ത് മാറ്റിയിട്ടില്ലാത്തതിനാൽ വാർഷിക ധനകാര്യപത്രികയിൽ B-5ഷെഡ്യൂളിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള വായ്പാ തുക 55631853/- എന്ന് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു. ആയത് ക്രമപ്പെടുത്തി വാർഷിക ധനകാര്യപത്രിക ക്രമീകരിക്കേണ്ടതാണ്.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| FD N0, ബാങ്കിന്റെ പേര് | തുക | ഡെപ്പോസിറ്റ് തീയതി | FD യുടെ കാലാവധി | പലിശ നിരക്ക് | മെച്യൂരിറ്റി തുക |
|---|---|---|---|---|---|
| 410726 യൂണിയൻ ബാങ്ക്, കഠിനംകുളം | 11884300 | 01.10.2022 | 02.10.2023 | 5.45 % | 12547225 |
| 7007378101 ഇന്ത്യൻ ബാങ്ക് | 5261388 | 2.4.22 | 3.4.23 | 5.10% | 5530946 |
| 7024563761 ഇന്ത്യൻ ബാങ്ക് | 10521307 | 4.6.22 | 5.6.23 | 5.10% | 11080755 |
| ആകെ | | | | | 27666995 |

2022-23 സാമ്പത്തിക വർഷം ആകെ 27666995/- രൂപയുടെ സ്ഥിരനിക്ഷേപം ഉണ്ട്. വാർഷിക ധനകാര്യപത്രികയിൽ 25000000/- രൂപയുടെ സ്ഥിരനിക്ഷേപം ആണ് രേഖപ്പെടുത്തിയിരിക്കുന്നത്.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകൾ

ഇല്ല

## 4-8 ചാർജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 53585890.00 |
| ഓഡിറ്റ് വർഷത്തെ വരവ് | 87783999.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 82867302.00 |
| നീക്കിയിരിപ്പ് | 58502587.00 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 16,12,459 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | | ഇല്ല |
| | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 2,80,740 | ഡോ.വിജയശേഖർ<br>മെഡിക്കൽ ഓഫീസർ FHC |
| 1-22 | 81,710 | ഡോ.വിജയശേഖർ<br>മെഡിക്കൽ ഓഫീസർ FHC |
| 1-32 | 12,00,000 | ശ്രീമതി. അനിത ആർ,<br>ഫിഷറീസ് ഇൻസ്പെക്ടർ |
| 1-33 | 50,009 | ശ്രീ. രാജേഷ് ജെ.,<br>സെക്രട്ടറി |
| ആകെ | 16,12,459 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. അനിത ആർ,<br>ഫിഷറീസ് ഇൻസ്പെക്ടർ | ഫിഷറീസ് ഇൻസ്പെക്ടർ,<br>കഠിനംകുളം ഗ്രാമ പഞ്ചായത്ത് | |
| ശ്രീ. രാജേഷ് ജെ.,<br>സെക്രട്ടറി | സെക്രട്ടറി,<br>കഠിനംകുളം ഗ്രാമപഞ്ചായത്ത് | ETRA A21, ഏണിക്കര,<br>കരകുളം പി.ഒ., തിരുവനന്തപുരം |
| ഡോ.വിജയശേഖർ<br>മെഡിക്കൽ ഓഫീസർ | On Leave | വിജയഭവൻ, ഇ.റ്റി.സി, കൊട്ടാരക്കര.പി.ഒ<br>പിൻ-691506 |

## 4-10 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2006-07 | നം.കെ എസ് എ റ്റി വി എം/ജി പി 14/1825/22 തീ: 15.10.22 | 9 |
| 2007-08 | നം.കെ എസ് എ റ്റി വി എം/ജി പി 14/1825/22 തീ: 15.10.22 | 1 |
| 2008-09 | നം.കെ എസ് എ റ്റി വി എം/ജി പി 14/1825/22 തീ: 15.10.22 | 4 |
| 2009-10 | നം.കെ എസ് എ റ്റി വി എം/ജി പി 14/1825/22 തീ: 15.10.22 | 2 |
| 2011-12 | നം.കെ എസ് എ റ്റി വി എം/ജി പി 14/1825/22 തീ: 15.10.22 | 1 |
| 2014-15 | നം.കെ എസ് എ റ്റി വി എം/ജി പി 14/1825/22 തീ: 15.10.22 | 3 |
| 2015-16 | നം.കെ എസ് എ റ്റി വി എം/ജി പി 14/1825/22 തീ: 15.10.22 | 2 |
| 2016-17 | നം.കെ എസ് എ റ്റി വി എം/ജി പി 14/1825/22 തീ: 15.10.22 | 6 |
| 2017-18 | നം.കെ എസ് എ റ്റി വി എം/ജി പി 11/319/2019 തീ: 22.04.19 | 30 |
| 2018-19 | നം.കെ എസ് എ റ്റി വി എം/ജി പി 11/1067/2020 തീ: 19.11.20 | 36 |
| 2019-20 | നം.കെ എസ് എ റ്റി വി എം/ജി പി 11/1489/2021 തീ: 18.12.21 | 91 |
| 2020-21 | നം.കെ എസ് എ റ്റി വി എം/ജി പി 11/1803/2021 തീ: 31.01.22 | 80 |
| 2021-22 | നം.കെ എസ് എ റ്റി വി എം/ജി പി 14/2141/2022 തീ: 17.03.23 | 67 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
തിരുവനന്തപുരം

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 22-07-2023 and submitted on 07-08-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Kadinamkulam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Kadinamkulam Grama Panchayat for the year 2022-2023

Date: 08/11/2023

Deputy Director(H.G)
District Office Trivandrum
Kerala State Audit Department

## Audit Report appended to the Audit Certificate of Kadinamkulam Grama Panchayat for the Year 2022-2023.

**1.Major Observations**

NIL

**2.Other Observations**

1. Mandatory financial statement are not submitted. Annual ratios as per rule 62-2 (f) of Kerala Panchayat Raj Accounts Rules, 2011 have not been prepared and submitted along with the annual financial statements.

2. As per Indian bank (Account No. 732966095) Reconciliation statement an amount of Rs.179243/- has been booked as "Cheque deposited but not collected" . The details of cashed Cheque and uncashed Cheque have not been provided yet.

3. The valuation of stock &store are not done at the end of financial year & also not included in B-14 stock in hand (inventories) schedule.

4. Closing balance recorded as per AFS for deposit work (paid to different agencies) differs with actual amount. Details given

below.

| Implementing Agency | Opening Balance | Amount Deposit on 22-23 | UC given/amount returmed | Closing balance |
|---|---|---|---|---|
| KWA | 10336521 | 11102890 | 6091000 | 21439411 |
| KSEB | 9292992 | 0 | 0 | 9301782 |

5. The closing balance as per B5 of AFS for HUDCO loans differ in the actual amount.

| Item | OB | Receipt | Repayment | Closing Balance (as per B5) |
|---|---|---|---|---|
| HUDCO loan | 52501853 | 3130000 | 7051288 | 55631853 |

6. Loan Register, Investment Register, Advance Register and Deposit Register have not been produced.

7. No action has been taken to credit the lapsed deposits to the Panchayat Fund out of the deposits recorded in Schedule B-7

8 There is no match between the amount recorded as net increase in cash and cash equivalence in the cash flow statement and the amount recorded as
net cash generated by operating+investing+financing activity (A+B+C) in the same statement.

9. Lapse in making timely & accurate demand entries in respect of tax & nontax revenue. eg.property tax.

10. Cheques issued by the institution which are not encashed after 3 months are not included in Liability in respect of stale cheque.

11) In the annual financial statement B-12 schedule Rs.25000000/- is shown as fixed deposit but in the documents regarding fixed deposit Rs.27666995/- is shown as fixed deposit.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ കഠിനംകുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്